
# യാക്കൂബ്യൻ

2007, MARCH

YAKKOOBYAN MONTHLY



## വാർത്തകൾ

# ക്നാനായ കൺവൻഷൻ




**തിരുവല്ല:** വചനം മറ്റേതിനെക്കാളും ശക്തിയേറിയതാണെന്ന് ആർച്ച് ബിഷപ്പ് കുര്യാക്കോസ് മാർ സേവേറിയോസ് പ്രസ്താവിച്ചു. ക്നാനായ കൺവൻഷൻ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

വചനം ഭൂമിയെ സ്വർഗ്ഗത്തിലേക്കു നയിക്കുന്ന ഒന്നാണ്. ഓരോ വചന പ്രഘോഷണവും മനുഷ്യനെ പുതുമയാർന്ന ആത്മീയ തലത്തിലേക്ക് ഉയർത്താൻ സഹായിക്കും. ഭൗതീകമായതൊന്നും ആന്തരികമായി പുതുക്കുന്നില്ല. മനുഷ്യനെ ദൈവവരമുള്ളവരാക്കി തീർക്കുന്നത് ആത്മീയ സമ്മേളനങ്ങളാണെന്നും അദ്ദേഹം പറഞ്ഞു.

സഹായ മെത്രാപ്പോലീത്താ കുര്യാക്കോസ് മാർ ഗ്രീഗോറിയോസ് അദ്ധ്യക്ഷത വഹിച്ചു. ആർച്ച് ബിഷപ് കുര്യാക്കോസ് മാർ സേവേറിയോസിനും നവാഭിഷിക്തനായ സഹായ മെത്രപ്പോലീത്താ കുര്യാക്കോസ് മാർ ഗ്രീഗോറിയോസിനും വരവേല്പു നല്കി. ഫാ. മാത്യു വേങ്ങകുന്നേൽ വചന പ്രഘോഷണം നടത്തി. ഫാ. എൻ. സി. മാത്യു കൊന്നയ്ക്കൽ, ഫാ. കുര്യാക്കോസ് കോലത്ത് എന്നിവർ പ്രസംഗിച്ചു. വേദപഠന ക്ലാസ്സ് ഫാ. മോനായി കെ. ഫിലിപ്പ് നയിച്ചു. ഏഴിനു ചേർന്ന സമ്മേളനത്തിൽ ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ മെത്രാപ്പോലീത്ത അദ്ധ്യക്ഷത വഹിച്ചു. ഡോ. ഗീവർഗീസ് മാർ കൂറിലോസ് വചനപ്രഘോഷണം നടത്തി. തിരുവല്ല നഗരസഭാ സ്റ്റേഡിയത്തിൽ നടന്ന കൺവൻഷൻ 25 -നു സമാപിച്ചു.

# അലക്സാണ്ടർ ഫോർമുല അംഗീകരിച്ചു പ്രശ്നം പരിഹരിക്കാം: ശ്രേഷ്ഠ കാതോലിക്ക

തിരുവനന്തപുരം: ഡോ.പി.സി. അലക്സാണ്ടർ നിർദ്ദേശിച്ച ഫോർമുല അംഗീകരിച്ചു തൃക്കുന്നത്ത് സെമിനാരി പ്രശ്നമടക്കമുള്ള തർക്കങ്ങൾ പരിഹരിക്കാൻ തയാറാണെന്നു യാക്കോബായ സഭ ശ്രേഷ്ഠ കാതോലിക്ക ബസേലിയോസ് തോമസ് പ്രഥമൻ ബാവാ പത്രസമ്മേളനത്തിൽ അറിയിച്ചു.

സമാധാനപരമായ ചർച്ചയിലൂടെ മാത്രമേ ഇരു വിഭാഗങ്ങളും തമ്മിലുള്ള വിഭജനം പൂർത്തിയാക്കാൻ കഴിയുകയുള്ളു. ഓർത്തഡോക്സ് സഭയ്ക്കു പാത്രിയാർക്കീസ് എന്ന പേര് ഉൾപ്പെടെ നല്കാൻ തയാറാണെന്നും അദ്ദേഹം പറഞ്ഞു. ആഭ്യന്തര മന്ത്രി കോടിയേരി ബാലകൃഷ്ണനുമായി നടത്തിയ ചർച്ചയിൽ ഭാഗിച്ചു പിരിയാൻ സന്നദ്ധമാണെന്ന് അറിയിച്ചിട്ടുണ്ട്. 1930 ൽ കടവിൽ മാർ അത്തനേഷ്യസ് മെത്രാപ്പോലീത്ത എഴുതിയ വിൽപത്ര പ്രകാരം തൃക്കുന്നത്തു ഭരിക്കേണ്ടയാൾ താനാണ്. കേസ് മധ്യസ്ഥതയ്ക്കു വിടാൻ തയാറാവുകയും തന്നെ പ്രതിയാക്കി നല്കിയിരിക്കുന്ന 399 കേസുകൾ പിൻവലിക്കുകയും ചെയ്താൽ ഓർത്തഡോക്സ് സഭയുടെ പരമാധ്യക്ഷനുമായി ചർച്ച നടത്താം.

ഇപ്പോഴത്തെ മന്ത്രിമാരാരും സഭയെ ഉപദ്രവിച്ചിട്ടില്ല. കോടതി ഉത്തരവിനു വിരുദ്ധമായി പെരുമാറുന്നുവെന്ന മറുവിഭാഗത്തിന്റെ അവകാശവാദം ശരിയല്ല.

മാധ്യമ പ്രവർത്തകരടക്കമുള്ളവരെ തെരുവിൽ മർദ്ദിച്ചതു നീചവും ക്രൂരവുമാണെന്നും ശ്രേഷ്ഠ കാതോലിക്ക പറഞ്ഞു.

Editorial

# വഴക്കാളികള്‍ ആര്?


മലങ്കരസഭയിലെ പ്രശ്നക്കാര്‍ പാത്രീയര്‍ക്കീസ് വിഭാഗമാണെന്നാണ് കാതോലിക്കാവിഭാഗം പ്രചരിപ്പിച്ചു കൊണ്ടിരുന്നത്. ഒരു സുപ്രധാന പ്രാദേശിക പത്രം അതിനു താങ്ങായി നില്ക്കുമ്പോള്‍ പൊതുജനം വിശ്വസിച്ചുപോകും. തങ്ങള്‍ വിയര്‍പ്പൊഴുക്കിയും പണം ചെലവാക്കിയും കഷ്ടപ്പെട്ടു പടുത്തുയര്‍ത്തിയ ദൈവാലയങ്ങളില്‍ സത്യാരാധനയ്ക്കു സൗകര്യം ലഭിക്കുന്നതിനുവേണ്ടി നടത്തുന്ന കാര്യങ്ങളെയാണ് ഇപ്രകാരം പ്രചരിപ്പിക്കുന്നത്.

എന്നാല്‍ തങ്ങളുടെ പൂര്‍വ്വിക പിതാക്കന്മാരുടെ കബറിങ്കല്‍ ധൂപപ്രാര്‍ത്ഥനനടത്തിയതിനെതിരെ തിരുവനന്തപുരത്തു ഓര്‍ത്തഡോക്സുകാര്‍ നടത്തിയ പ്രകോപനപരവും അക്രൈസ്തവും നികൃഷ്ടവുമായ നടപടികള്‍ ക്രൈസ്തവസമൂഹത്തിന് അപമാനവും പൊതുജനത്തിന് ആശ്ചര്യവുമായി. അയ്യായിരത്തോളം വിശ്വാസികളായിരുന്നു തിരുവനന്തപുരത്ത് പ്രകടനത്തിനെത്തിയത്. അതില്‍ 4000 പേരും മദ്യപിച്ചിരുന്നതായി ആക്ഷേപമുണ്ട്. (ചില വൈദീകര്‍ പോലും മദ്യപിച്ച് അക്രമത്തിനു നേതൃത്വം നല്കിയതായി നാട്ടുകാര്‍ പറയുന്നു). എന്തായാലും അവര്‍ അകാരണമായി പോലീസുകാരെയും മാധ്യമപ്രവര്‍ത്തകെയും മര്‍ദ്ദിക്കുകയും താഴെ വലിച്ചിട്ട് ചവിട്ടുകയും ചെയ്തു. ഇതിനു നേതൃത്വം നല്കിയത് അടുത്തു നടക്കുന്ന മലങ്കര അസ്സോസിയേഷന്‍ സഭാഭാരവാഹിത്വത്തിനു ആഗ്രഹിക്കുന്നവരാണ് എന്നും അവര്‍ വാങ്ങിക്കൊടുത്ത മദ്യത്തിനുള്ള നന്ദിപ്രകടനമായിരുന്നു അവിടെ കണ്ടതുമെന്നാണ് രഹസ്യവിവരം. അക്രമം കാട്ടിയിട്ട് പാത്രിയര്‍ക്കീസ് വിഭാഗത്തെ പഴിചാരി രക്ഷപെടാനാണ് ആദ്യം ഓര്‍ത്തഡോക്സ് വിഭാഗം ശ്രമിച്ചതെങ്കിലും വിജയിച്ചില്ല. മഞ്ഞനിക്കര പെരുന്നാള്‍ ദിവസം മലങ്കര മുഴുവന്‍ മഞ്ഞനിക്കരയിലേക്ക് ഒഴുകുമ്പോള്‍ ഇപ്രകാരം പറയുന്നതിന്റെ യുക്തി മനസ്സിലാകുന്നില്ല.

പ്രകടനത്തില്‍ മുഴങ്ങികേട്ട് മുദ്രാവാക്യങ്ങളും ഏറെ പരഹാസമുയര്‍ത്തുന്നതാണ്. വൈദീകര്‍പോലും ഇപ്രകാരം തരംതാണുകണ്ടതില്‍ പുറജാതികള്‍ മൂക്കത്തു വിരല്‍വെച്ചു. സ്വന്തം പിതാവായ പാത്രിയാര്‍ക്കീസ് ബാവായെ തെറിയഭിഷേകം നടത്തി ഒടുവില്‍ ഗവണ്‍മെന്റിനെയും മന്ത്രിമാരെയും തെറിവിളിച്ചു മുന്നേറി. പൊതുമുതലും വാഹനങ്ങളും നശിപ്പിക്കുന്നിടംവരെയെത്തി. ഇത്രയൊക്കെ നാശം ചെയ്തിട്ടും ജലപീരങ്കിയും വിരട്ടിയോടിക്കലും മാത്രമാണ് നടത്തിയതെന്നത് 2006 ലെ ആലുവ സംഭവവുമായി തട്ടിച്ചു നോക്കുമ്പോള്‍ വെറും നിസ്സാരമാണ്.

ഓര്‍ത്തഡോക്സ് വിഭാഗത്തിന്റെ അവകാശവാദം 1934 ഭരണഘടന ഉണ്ടാക്കിയതോടെ എല്ലാം അതിന്റെ കീഴിലായെന്നാണ്. ഇതു പൊള്ളയാണ്. ഒന്നാമത് കതോലിക്കാ വിഭാഗം തന്നെ 1934 ലെ ഭരണഘടന പ്രകാരമല്ല കാര്യങ്ങള്‍ നടത്തുന്നത്. മാത്യൂസ് ദ്വിതിമോസ് ബാവാപോലും അപ്രകാരം വാഴിക്കപ്പെട്ട ആളല്ല. മറ്റൊന്ന് 1934-ലെ ഭരണഘടനാ നിര്‍മ്മാണത്തിലോ അതിനുള്ളിലോ തൃക്കുന്നത്തു സെമിനാരിയോ ഇടവക പള്ളിയോ വരുന്നില്ല. ഏതൊരു ലക്ഷ്യത്തിനുവേണ്ടി സ്ഥാപിക്കപ്പെട്ടോ അതിന്റെ സ്ഥാപനോദ്ദ്യേശ്യത്തില്‍ നിന്നു വ്യതിചലിക്കാന്‍ കൊടുത്തയാള്‍ക്കുപോലും കഴിയില്ല. മറ്റൊരാള്‍ സ്വയമേവ തങ്ങളുടേതായി എന്നു പറയുന്നതില്‍ കഴിമ്പില്ല. അങ്ങനെയെങ്കില്‍ മാര്‍ത്തോമ്മാ സഭയുടെ സ്വത്തും 1934 ഭരണഘടനയില്‍ വരും.

മറ്റൊന്നു 1934 ഭരണ ഘടനയേക്കാള്‍ പിന്നില്‍ ഉണ്ടാക്കിയ 2002 ലെ ഭരണഘടനയില്‍ എല്ലാം വരുമെന്നു പറഞ്ഞാല്‍ അതു ശരിയാകുമോ? ഓരോ സ്ഥാപനവും ഏതു ഭരണഘടനപ്രകാരം ഭരിക്കണമെന്നത് ആ സ്ഥാപനം തീരുമാനിക്കണം. 1995 ലെ കേസില്‍ പൊതു സ്വത്തു മാത്രമാണ് വന്നിട്ടുള്ളത്. ഇടവക പള്ളികള്‍ ഒന്നും വന്നിട്ടില്ല. ഏതെങ്കിലും ഇടവകാംഗമോ ഭാരവാഹിയോ പറഞ്ഞാല്‍ പോലും മറ്റൊരു വ്യവസ്ഥയിലേക്കു മാറാന്‍ പറ്റില്ല. ഗുണഭോക്താക്കളുടെ സമ്മതം വേണം. കൂലിക്കാരായ ആത്മീയ ജോലി ചെയ്യുന്ന പുരോഹിതന്മാര്‍ക്കാണ് സ്വത്തുക്കളുടെ നിയന്ത്രണം എന്ന രീതിയിലുള്ള കോടതി വിധികള്‍പോലും സത്യസന്ധമായി കാര്യങ്ങള്‍ ഗ്രഹിക്കാത്തതില്‍ വന്ന പിഴവാണന്നേ പറയാന്‍ പറ്റൂ. ഇടവകയ്ക്ക് പുരോഹിതന്മാര്‍ വേണോയെന്നു തീരുമാനിക്കുന്നത് ശമ്പളം നല്കുന്നവരാണ്.




**അലക്സാണ്ടര്‍ കാരയ്ക്കാട്** *(എഡിറ്റര്‍)*


# ഓർത്തഡോക്സ് റാലിയിൽ വ്യാപക അക്രമം

**തിരുവനന്തപുരം:** തൃക്കുന്നത്ത് സെമിനാരി പ്രശ്നം ഉന്നയിച്ച് ഓർത്തഡോക്സ് സഭ നടത്തിയ സെക്രട്ടറിയേറ്റ് റാലിയിൽ വ്യാപക അക്രമം. പൊലീസിനെയും മാധ്യമപ്രവർത്തകരെയും ആസുത്രിതമായി കടന്നാക്രമിച്ചു. സർക്കാർ വാഹനങ്ങൾ എറിഞ്ഞു തകർത്തു. കടകൾക്കു നേരെയും ആക്രമണം ഉണ്ടായി.





നാലു മണിക്കൂറോളം ഗതാഗതം തടഞ്ഞ് പ്രകോപനമുദ്രാവാക്യം മുഴക്കിയ പ്രകടനക്കാർ സെക്രട്ടറിയേറ്റിനു മുന്നിൽ കന്റോൺമെന്റ് എസ്ഐ സന്തോഷിനെ മർദ്ദിച്ചാണ് അക്രമം തുടങ്ങിയത്. തുടർന്ന് പോലീസിനുനേരെ കല്ലേറ് തുടങ്ങി. കല്ലേറിൽ കന്റോണമെന്റ് അസി. കമ്മീഷണർ സോമനാഥൻ അടക്കം ഒമ്പത് പൊലീസുകാർക്കും പൊലീസ് ലാത്തിച്ചാർജ്ജിൽ നാലുപേർക്കും പരിക്കേറ്റു. പോലീസുകാരെ റാലിക്കെത്തിയവർ വളഞ്ഞിട്ട് തല്ലിവീഴ്ത്തി. പൊലീസ് മർദ്ദനത്തിൽ പ്രതിഷേധിച്ച് ബുധനാഴ്ച സംസ്ഥാനത്ത് ഹർത്താൽ നത്തുമെന്ന് ആദ്യം ചിലർ പ്രഖ്യാപിച്ചെങ്കിലും ഹർത്താൽ ഇല്ലെന്ന് സഭാനേതൃത്വം വ്യക്തമാക്കി. എന്നാൽ ഓർത്തഡോക്സ് സഭാ വിശ്വാസികൾ സ്ഥാപനങ്ങൾ അടച്ചിടുമെന്ന് രാത്രിയിൽ സഭാനേതാക്കൾ അറിയിച്ചു. ഒടുവിൽ പലയിടത്തും ബലമായി മറ്റുള്ളവരുടെ കടകൾ അടച്ചിടുവിക്കുകയായിരുന്നു.





ഓർത്തോക്സ് വിഭാഗം കാതോലിക്കാ ബാവ ദിദിമോസ് പ്രഥമൻ ഉദ്ഘാടനം ചെയ്ത റാലി നാലോടെയാണ് സെക്രട്ടറിയറ്റ് പടിക്കൽ എത്തിയത്. പോലീസ് പ്രകടനം തടഞ്ഞപ്പോൾ മുഖ്യമന്ത്രിക്കും ആഭ്യന്തര മന്ത്രിക്കും സർക്കാരിനുമെതിരെ പ്രകോപനപരമായ മുദ്രാവാക്യം വിളികളുമായി സെക്രട്ടറിയേറ്റ് ഗേറ്റിനു മുന്നിൽ നിലയുറപ്പിച്ചു. ഇതിനിടെ നിയുക്ത കാതോലിക്ക പൗലൊസ് മാർ മിലിത്തിയോസിന്റെ നേതൃത്വത്തിൽ നേതാക്കൾ മുഖ്യമന്ത്രിയെ കാണാൻ സെക്രട്ടറിയേറ്റിലേക്ക് പോകാൻ ആസാദ് ഗേറ്റിനു മുന്നിലേ

ക്കുപോയി. ഇവർക്കൊപ്പം കുറെ സഭാംഗങ്ങളും പ്രകടനമായി നീങ്ങി. ഇവരിൽ ഭൂരിപക്ഷവും മദ്യലഹരിയിലായിരുന്നു.



പ്രകടനമായെത്തിയതുകൊണ്ട് സുരക്ഷാ ഉദ്യോഗസ്ഥർ ആസാദ് ഗേറ്റ് തുറന്നില്ല. മെത്രാൻമാരുടെ ചുറ്റും നിന്നവർ പോലീസുകാരെ കയ്യേറ്റം ചെയ്തപ്പോൾ വിരട്ടിയോടിച്ചു. പ്രവർത്തകർ പോലീസിനെതിരെ കല്ലേറു തുടങ്ങി.

പോലീസ് കണ്ണീർവാതക ഷെല്ലും ഏജീസ് ഓഫീസിനുമുന്നിൽ കൂട്ടംകൂടിയവർക്കെതിരെ ജലപീരങ്കിലും ഉപയോഗിച്ചു.

ഇതിനിടെ മാധ്യമ പ്രവർത്തകരെയും ആക്രമിച്ചു. മംഗളം ലേഖകൻ ജിജി ലൂക്കോസ്, തേജസ് പത്രത്തിന്റെ ലേഖകൻ സരിത്, കേരള കൗമുദി ഫോട്ടോഗ്രാഫർ സുഭാഷ്കുമാർ, കൈരളി ടിവി ക്യാമറാമാൻ ജയിംസ് എന്നിവർക്ക് മർദ്ദനമേറ്റു. സഭാനേതൃത്വത്തിന്റെ തീരുമാനങ്ങൾ പാളയം ഓർത്തഡോക്സ് പള്ളിയിൽവച്ച് വിശദീകരിക്കുമെന്നും അവിടേക്ക് വരണമെന്നുള്ള അഭ്യർത്ഥനകേട്ട് എത്തിയ മാധ്യമപ്രവർത്തകരായ ഷിബുകുമാർ (മനോരമന്യൂസ്), സനീഷ്, അജി എം. നൂഹു (ഏഷ്യാനെറ്റ്), അജിത് മാധവൻ (ഇന്ത്യാവിഷൻ), പ്രേം (എസിവി) ശ്രീകാന്ത് (മംഗളം) കിരൺ (ജയ് ഹിന്ദ്) തുടങ്ങിയവരെ അവിടെ വച്ചും വളഞ്ഞിട്ട് മർദ്ദിച്ചു. എന്നിട്ടും പോലീസ് സംയമനം പാലിച്ചു.

## പ്രശ്നമുണ്ടാക്കിയത് മാർച്ചിന് എത്തിയവർ: റിപ്പോർട്ട്

തിരുവനന്തപുരം: തൃക്കുന്നത്തു സെമിനാരി പ്രശ്നത്തിൽ കോടതിവിധി നടപ്പാക്കണമെന്നാവശ്യപ്പെട്ട് സെക്രട്ടറിയേറ്റ് മാർച്ച് നടത്തിയ ഓർത്തഡോക്സ് സഭാവിശ്വാസികളിൽ ഒരു വിഭാഗമാണ് പ്രശ്നം ഉണ്ടാക്കിയതെന്നും, പോലീസിന്റെ ഭാഗത്തുനിന്ന് അതിരുകടന്ന ബലപ്രയോഗം ഉണ്ടായിട്ടില്ലെന്നും ഇതേക്കുറിച്ച് അന്വേഷിച്ച ഐജി: അരുൺകുമാർ സിൻഹയുടെ റിപ്പോർട്ട്. മാർച്ചിനുനേർക്കു പുറമേനിന്ന് കല്ലേറ് ഉണ്ടായിട്ടില്ലെന്നും വ്യക്തമാക്കുന്ന റിപ്പോർട്ട് ഡിജിപി: രമൺ ശ്രീവാസ്തവയ്ക്കു സമർപ്പിച്ചു.

മാർച്ചിനെത്തിയവരിൽ ഒരു വിഭാഗം മദ്യപിച്ചിരുന്നുവെന്നും അവർ തുടക്കം മുതൽ പ്രശ്നം ഉണ്ടാക്കിയിരുന്നുവെന്നും റിപ്പോർട്ടിൽ പറയുന്നു. സെക്രട്ടറിയേറ്റ് ഗേറ്റിൽ ഏതാനുംപേർ കന്റോൺമെന്റ് എസ്ഐ: സന്തോഷിനെ കയ്യേറ്റം ചെയ്തു. തുടർന്നാണ് ലാത്തിച്ചാർജ്ജ് അനിവാര്യമായതെന്നും പറയുന്നുണ്ട്.


തുടക്കംതൊട്ടേ ഗതാഗത തടസ്സം ഉണ്ടാക്കുകയും പോലീസിന്റെ നേർക്ക് ആക്രോശിക്കുകയും മുദ്രാവാക്യങ്ങൾ മുഴക്കുകയും ചെയ്തു. സെക്രട്ടറിയേറ്റിനു മുന്നിൽ എത്തിയശേഷം സഭാംഗങ്ങളോടു പിരിഞ്ഞുപോകാൻ ഒരു പുരോഹിതൻ ആവശ്യപ്പെട്ടു. 5000 പേരും പിരിഞ്ഞുപോയി. ശേഷിച്ച ആറോളം പേർ പ്രധാന ഗേറ്റിനു മുന്നിൽ തമ്പടിച്ചു.

സഭാനേതാക്കൾക്കു മന്ത്രിയെ കണ്ട് നിവേദനം നല്കണമെന്നു പറഞ്ഞപ്പോൾ അവരെ ആസാദ് ഗേറ്റിനു മുന്നിലേക്ക് ആനയിച്ചു. എന്നാൽ, അവിടെ സെക്യൂരിറ്റിക്കാർ ഗേറ്റ് പൂട്ടിയിരുന്നു. തുടർന്ന് കന്റോൺമെന്റ് അസിസ്റ്റന്റ് കമ്മിഷണർ സോമനാഥപിള്ള എത്തി നേതാക്കളെ കന്റോൺമെന്റ് ഗേറ്റിലേക്ക് ഒരു എസ്.ഐ, മുന്നിലെത്തിയപ്പോൾഅവിടെയുണ്ടായിരുന്നവർ പ്രകോപനമില്ലാതെ എസ്.ഐയെയും ആക്രമിച്ചു. ഈ വിവരം വയർലെസിൽ അറിഞ്ഞ് കന്റോൺമെന്റ് എസിയുടെ നേതൃത്വത്തിൽ ഒരു സംഘം പോലീസ് അവിടെ എത്തി. ഈ സമയം മൂന്നു ഭാഗത്തുനിന്നും കല്ലേറുണ്ടായി. തുടർന്ന് ലാത്തിച്ചാർജ്ജ് നടത്തി. ജലപീരങ്കിയും ഉപയോഗിച്ചു എന്ന് റിപ്പോർട്ടിൽ പറയുന്നു.

സഭാംഗങ്ങളോടൊപ്പം എത്തിയ റിട്ട. എസ്പി: കെ.ഒ.മാത്യു മെഗാഫോണിൽക്കൂടി ആവശ്യപ്പെട്ടിട്ടും സഭാംഗങ്ങൾ പിരിഞ്ഞുപോകാൻ കൂട്ടാക്കിയില്ലെന്നും റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടുന്നു.

# തകർക്കാൻ കഴിയാത്ത വിശ്വാസികളുടെ സമൂഹം:

## ശ്രേഷ്ഠ കാതോലിക്കാ ബാവാ




**പത്തനംതിട്ട:** ഒരു ശക്തിക്കും തകർക്കാൻ കഴിയാത്ത വിശ്വാസികളുടെ സമൂഹമാണ് യാക്കോബായ സഭയുടെ മുതൽക്കൂട്ടെന്ന് ശ്രേഷ്ഠ കാതോലിക്കാ ബസേലിയോസ് തോമസ് പ്രഥമൻ ബാവാ പറഞ്ഞു. മഞ്ഞനിക്കര പെരുന്നാളിന്റെ പ്ലാറ്റിനം ജൂബിലി സമ്മേളനവും തീർത്ഥാടന വാർഷികവും ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

സഭാ തർക്കങ്ങളുടെ പേരിൽ വിശ്വാസികളെ ഒറ്റപ്പെടുത്താൻ ശ്രമിക്കുന്നതു പ്രതിഷേധാർഹമാണ്. ബാഗ്ദാദ് ആർച്ച് ബിഷപ്പ് മാർ സേവേറിയോസ് ഹവ അദ്ധ്യക്ഷത വഹിച്ചു. പരിശുദ്ധ പാത്രിയർക്കീസ് ബാവായുടെ അനുഗ്രഹസന്ദേശം കുര്യാക്കോസ് മാർ യൂലിയോസ് വായിച്ചു.

ശ്രേഷ്ഠ കാതോലിക്കാ ബാവായെ മലങ്കരയുടെ യാക്കോബ് ബുർദാനായി പ്രഖ്യാപിച്ച പരിശുദ്ധ പാത്രിയാർക്കീസ് ബാവായുടെ കൽപന കുര്യാക്കോസ് മാർ തെയോഫിലോസ് വായിച്ചു. അന്ത്യോക്യയിൽനിന്നു കൊണ്ടുവന്ന കുരിശും മാലയും എപ്പിസ്ക്കോപ്പൽ സുന്നഹദോസ് സെക്രട്ടറി ജോസഫ് മാർ ഗ്രിഗോറിയോസ് കാതോലിക്കാ ബാവായെ ധരിപ്പിച്ചു. വെബ്സൈറ്റ് ഉദ്ഘാടനം മന്ത്രി മാത്യു ടി. തോമസ് നിർവ്വഹിച്ചു.

തോമസ് മാർ തിമോത്തിയോസ് അനുഗ്രഹപ്രഭാഷണം നടത്തി. പ്ലാറ്റിനം ജൂബിലി മന്ദിരത്തിന്റെ ശിലാസ്ഥാപനം കൂറിലോസ് മാർ അപ്രേം കരീം നിർവ്വഹിച്ചു. യൂഹാനോൻ മാർ മിലിത്തിയോസ് സണ്ടേസ്കൂൾ അവാർഡുകൾ വിതരണം ചെയ്തു. തീർത്ഥാടക അവാർഡ് വിതരണം യൂഹാനോൻ മാർ പീലക്സിനോസ് നിർവ്വഹിച്ചു. ലണ്ടൻ ആർച്ച് ബിഷപ്പ് മാർ അത്താനാസിയോസ്, തോമസ് മാവോറിസ് റമ്പാൻ, ഫാ. അസീസ്, ഫാ. ഹബീബ് ഓൻദർ, ഏബ്രഹാം മാർ സേവേറിയോസ്, യൂഹാനോൻ മാർ പീലക്സിനോസ്, ഗീവർഗീസ് മാർ പോളിക്കാർപ്പസ്, മാത്യൂസ് മാർ ഇവാനാസിയോസ്, കുര്യാക്കോസ് മാർ ദിയസ്കോറസ്, ഗീവർഗീസ് മാർ അത്താനാസിയോസ്, കുര്യാക്കോസ് മാർ സേവേറിയോസ്, മാത്യൂസ് മാർ തേവോദോസിയോസ്, മാത്യൂസ് മാർ അപ്രേം, കുര്യാക്കോസ് മാർ യൗസേബിയോസ്, ഡോ. ഗീവർഗീസ് മാർ കൂറിലോസ്, മർക്കോസ് മാർ ക്രിസോസ്റ്റമോസ്, കുര്യാക്കോസ് മാർ ഗ്രിഗോറിയോസ്, മന്ത്രി ടി.യു. കുരുവിള, കെ. ശിവദാസൻനായർ എം.എൽ.എ, ഫ്രാൻസിസ് ജോർജ്ജ് എം.പി., ഇ.കെ. മാത്യൂസ് ഇലവിനാമണ്ണിൽ കോറെപ്പിസ്കോപ്പ എന്നിവർ പ്രസംഗിച്ചു.

# വിശുദ്ധനാട്ടിലൂടെയും വിശുദ്ധഗ്രന്ഥത്തിലൂടെയും

**കെ.ഒ. ഫിലിപ്പ്, കൈപ്പട്ടൂർ**

*കഴിഞ്ഞലക്കം തുടർച്ച..*

## പതിനാല് സ്ഥാനങ്ങൾ

ഒന്നാം സ്ഥാനം, കർത്താവിനെ വിസ്തരിക്കുകയും മരണത്തിന് വിധിക്കുകയും ചെയ്ത സ്ഥലമാണ്. “പുലർച്ചക്ക് അവൻ യേശുവിനെ കയ്യാഫാവിന്റെ അടുക്കൽനിന്ന് ആസ്ഥാനത്തിലേക്ക് കൊണ്ടുപോയി” (യോഹ. 18:28). “കൽത്തളം” എന്ന സ്ഥലത്തായിരുന്നുവല്ലോ പീലാത്തോസ് ന്യായാസനത്തിൽ ഇരുന്നത്. (യോഹ. 19:13). കല്ല് പാകിയ മുറ്റം പോലെയുള്ള സ്ഥലമായിരുന്നതിനാൽ ''കൽത്തളം'' അഥവാ ''പ്രേത്തോറിയം'' എന്ന് പറഞ്ഞുവന്നു. മുൾക്കിരീടം തലയിൽ വയ്ക്കുകയും (മത്താ. 27:29) സ്വന്തവസ്ത്രം ഉരിഞ്ഞ് ചുവപ്പ് കുപ്പായം ധരിപ്പിക്കുകയും (യോഹ. 19:2) പരിഹസിക്കുകയും ചാട്ടവാറ് കൊണ്ട് അടിക്കുകയും ചെയ്തത് ഇവിടെ വച്ചാണ്. (മത്താ. 27:30-31). മണ്ണ് മൂടിക്കിടന്ന ഈ കൽത്തളം പിന്നീടയ് കണ്ടെടുക്കപ്പെടുകയുണ്ടായി. പീലാത്തോസിന് രണ്ട് കൊട്ടാരങ്ങൾ ഉണ്ടായിരുന്നു. ശലോമോന്റെ ദൈവാലയത്തിന്റെ വടക്ക് കിഴക്കായി ഒന്നും, സെഹിയോൻ മലയിൽ മറ്റൊന്നും. ഇതിൽ ആദ്യത്തെ അരമനയിൽ വച്ചായിരുന്നു യേശുവിനെ വിസ്തരിച്ചത്. ഇപ്പോൾ ഇതിനോടു ചേർന്ന് അവിടെ ഒരു യഹൂദ സ്കൂൾ ഉണ്ട്. അത് നടപ്പാതയുടെ ഇടതുഭാഗത്തായി കാണാം.

പീലാത്തോസിന്റെ അരമനയിലേത് എന്നു വിശ്വസിക്കപ്പെടുന്ന ഒരു ഗോവണി, കുസ്തന്തീനോസ് ചക്രവർത്തിയുടെ മാതാവായ ഹെലനി രാജ്ഞി യെരുശലേമിൽ നിന്നും കൊണ്ടുപോയത്, റോമിൽ സൂക്ഷിച്ചിട്ടുണ്ട്. കർത്താവിന്റെ മുറിവിൽ നിന്ന് ചിന്തിയ രക്തം, ഈ ഗോവണിമേൽ പതിഞ്ഞിരുന്നത് ലോഹതകിടിനാൽ കുരിശാകൃതിയിൽ മോടിപിടിപ്പിച്ച് അവിടെ പ്രദർശിപ്പിച്ചിരിക്കുന്നു.

രണ്ടാം സ്ഥാനം എന്നു പറയുന്നത്, കർത്താവിന്റെ തോളിൽ കുരിശ് എടുത്തു വച്ച സ്ഥലമാണ്. കുരിശുമായി യാത്ര ചെയ്യുന്നത് ഇവിടെ നിന്നുമാണ് (യോഹ. 19:17). ഇവിടെ ഒരു പള്ളിയുണ്ട്.

മൂന്നാം സ്ഥാനം കർത്താവ് ആദ്യം വീണ സ്ഥലമാണ്. അവിടെ ഒരു ചാപ്പൽ കാണപ്പെടുന്നു. മൂന്നാം സ്ഥാനത്തേക്കുള്ള യാത്രാ മദ്ധ്യേ വലതുവശത്തായി ‘prison of Christ’ എന്നൊരു ബോർഡും അവിടെ ഒരു ദൈവാലയവും കാണപ്പെടുന്നുണ്ട്.

നാലും അഞ്ചും സ്ഥാനങ്ങൾ പാതയുടെ പാർശ്വങ്ങളിലുള്ള മതിലുകളിൽ രേഖപ്പെടുത്തിയിരിക്കുന്നു. കെട്ടിടത്തിന്റെ ഭിത്തികൾ ആണ് ഈ ചുവർ. ഹൃദയം നുറുങ്ങിയ വേദനാഭാരവുമായി തന്റെ മാതാവായ മറിയാമിനെ കണ്ട സ്ഥലമാണ് നാലാം സ്ഥാനം. കുറേനക്കാരനായ ശീമോൻ (Simon the Cyrene) കർത്താവിന്റെ കുരിശ് വഹിപ്പാൻ വന്ന സ്ഥലമാണ് അഞ്ചാം സ്ഥാനം (മർ. 15:21). കർത്താവിന്റെ കൈവെള്ള സ്പർശിച്ച ഒരു കല്ല്, ഈ അഞ്ചാം സ്ഥാനത്തിന്റെ ഭിത്തിയോട് ചേർന്ന് ഉറപ്പിച്ചിരിക്കുന്നു. വിരലിന്റെ പാടുകൾ ആ വെള്ളാരം പാറയിൽ കാണുവാൻ സാധിക്കും.

ആറാം സ്ഥാനം, വെറോനിക്ക എന്ന ഭക്ത കർത്താവിന്റെ മുഖം തുടച്ച സ്ഥലമാണ്. കർത്താവ് സൗഖ്യമാക്കിയ രക്തസ്രാവക്കാരി സ്ത്രീ (മത്താ. 9:20-22) ഈ വെറോനിക്ക ആയിരുന്നുവെന്ന് ഒരഭിപ്രായമുണ്ട്. (Veronica അല്ല; Vero Icona എന്നാണ് ശരിയായ പേരെന്ന് ഞങ്ങളുടെ ഗൈഡ്). യേശുവിന്റെ മുഖരൂപം ഈ തുടച്ച തുണിയിൽ പതിഞ്ഞു എന്നൊരു വിശ്വാസം ഉണ്ട്. ഇന്ന് ഈ തൂവാല വത്തിക്കാനിൽ റോമാ പാത്രിയർക്കേറ്റിന്റെ അരമനയിൽ സൂക്ഷിച്ചിരിക്കുന്നു.

കർത്താവ് രണ്ടാം പ്രാവശ്യം വീണ സ്ഥലമാണ് ഏഴാം സ്ഥാനം. “യരുശലേം പുത്രിമാരെ, നിങ്ങൾ എന്നെചൊല്ലി കരയേണ്ട, പിന്നെയോ നിങ്ങളെയും നിങ്ങളുടെ മക്കളെയും ഓർത്ത കരവീൻ” (ലൂക്കൊ. 23:28-32). എന്ന് തുടങ്ങുന്ന ഭാഗങ്ങൾ മൊഴിഞ്ഞ സ്ഥലമാണ് എട്ടാം സ്ഥാനമായി കണക്കാക്കുന്നത്. എട്ടാം സ്ഥാനത്തേക്കുള്ള വഴി അടച്ചിരുന്നതിനാൽ, ഞങ്ങൾക്ക് അവിടെ കയറാൻ സാധിച്ചില്ല.

ഒമ്പതാം സ്ഥാനം, കർത്താവ് മൂന്നാം പ്രാവശ്യം വീണ സ്ഥലമാണ്. ഇവിടെ ഈഗുപ്തായ (കോപ്റ്റിക്) സഭയുടെ അതിപുരാതനമായ ഒരു ദൈവാലയം ഉണ്ട്. നാലാം നൂറ്റാണ്ടിൽ അവിടെ ഉണ്ടായിരുന്ന പള്ളിയുടെ അവശിഷ്ടങ്ങളും അവിടെ കാണാം. ഇവിടെയൊരു ഒലീവ് വൃക്ഷം, ചുറ്റും വേലികെട്ടി സുരക്ഷിതമാക്കിയിരിക്കുന്നത്, കർത്താവിന്റെ കാലത്തോളം പഴക്കമുള്ളവ ആണെന്നും വൃക്ഷത്തിന്റെ കുറ്റി പൊട്ടിക്കിളിർത്ത് ഇന്നേയോളം നിലനില്ക്കുന്നു എന്നും പറയപ്പെടുന്നു. കോപ്റ്റിക് ഓർത്തഡോക്സ് സഭയുമായി സിറിയൻ ഓർത്തഡോക്സ് സഭയ്ക്ക് കൂദാശാപരമായ അന്യോന്യം സംസർഗ്ഗം ഉണ്ട്. അവിടെ താമസിച്ചുകൊണ്ടിരിക്കുന്ന വന്ദ്യ 18 റമ്പാച്ചന്മാരുടെ കൈമുത്തി ദൈവാലയത്തിൽ പ്രാർത്ഥിച്ചു പോന്നു. പത്തു മുതൽ പതിനാല് വരെയുള്ള സ്ഥാനങ്ങൾ , ക്യംതാ ദൈവാലയത്തിന് അകത്തായിട്ടാണ് എന്ന് സൂചിപ്പിച്ചിരിക്കുന്നുവല്ലോ.

“തലയോടിടം” (place of skull) എന്നർത്ഥമുള്ള കാൽവറിക്കുന്നിലാണ്, ഈ “ക്യംതാ ദൈവാലയം” സ്ഥിതി ചെയ്യുന്നത്. യേശുവിന്റെ വസ്ത്രം ഉരിഞ്ഞുമാറ്റിയ സ്ഥലം, തന്റെ കൈകാലുകൾ മരത്തോട് ചേർത്ത് ആണിയടിച്ച സ്ഥാനം, കുരിശിൽ തറച്ച് നാട്ടിയ സ്ഥാനം, കുരിശിൽ നിന്ന് ഇറക്കി സുഗന്ധ ലേപനം നടത്തിയസ്ഥാനം, അടക്കിയ സ്ഥാനം ഇവയെല്ലാം ഈ ദൈവാലയത്തിനകത്തായി സ്ഥിതി ചെയ്യുന്നു. അതിബൃഹത്തായ ക്യംതാ ദൈവാലയത്തിൽ സുപ്രധാന സംഭവങ്ങളുടെ സാക്ഷിയായി സ്ഥിതി ചെയ്യുന്ന സ്ഥാനങ്ങളെപ്പറ്റിയുള്ള സ്ഥലവിവരങ്ങൾ വരും അദ്ധ്യായങ്ങളിൽ വിവരിക്കുന്നുണ്ട്. പിറ്റെ ദിവസം, ഞായറാഴ്ച രാവിലെ എട്ടരയ്ക്ക് കർത്താവിന്റെ കബറിങ്കൽ വിശുദ്ധ കുർബ്ബാന ക്രമീകരിച്ചിരിക്കുന്നതിനാൽ, ക്യംതാ ദൈവാലയത്തിൽ ഒരു ഓട്ട പ്രദക്ഷിണം നടത്തി, കർത്താവിന്റെ കബറിന്റെ വെളിയിൽ നിന്ന് പ്രാർത്ഥിച്ച് തിരികെ പോന്നു.

*തുടരും......................*



# 801 ചിന്തകൾ

മലങ്കര മൽപ്പാൻ ഡോ. കുര്യൻ കോറെപ്പിസ്കോപ്പാ, കണിയാംപറമ്പിൽ

593. പരിഷ്ക്കാരം എത്ര കൂടിയാലും "പാരമ്പര്യങ്ങൾ" (പ്രത്യേകിച്ചും വൈദികവും, വിശ്വാസപരവും) മറക്കരുത്, ലംഘിക്കരുത്.

594. വെള്ളത്തിൽ ''നീന്താൻ'' അറിവില്ലെങ്കിൽ "കോളിൽ" നശിച്ചുപോയേക്കാം. ജീവിതയാത്രയിൽ "നിയന്ത്രണം" ഇല്ലെങ്കിൽ നാശം നിശ്ചയം.

595. നല്ല കാര്യത്തിനു വേലചെയ്യുകയല്ലാതെ "ആർക്കെതിരായും വേലവെക്കരുത്"

596. പേരിലെന്തിരിക്കുന്നു സാധാരണ ചോദ്യം: ശരിയല്ലേ?

"വീഞ്ഞും മദ്യവും രുചിച്ചിട്ടില്ലാത്ത" യോഹന്നാൻ-മദ്യംകൊണ്ട് മദിക്കുന്ന "ജോൺ" വിശ്വാസത്തിനുവേണ്ടി ജീവൻ നല്കിയ സ്തോഫാനോസും, കുറിയാക്കോസും, ഗീവറുഗീസും - മതവും വിശ്വാസവുമില്ലാത്ത സ്റ്റീഫനും, കുര്യനും, ജോർജ്ജും ഒന്നുകിൽ പേരുമാറ്റു അല്ലെങ്കിൽ ജീവിതശൈലി മാറ്റൂ.

597. "പേരിനു" വേണ്ടി പോരിനിറങ്ങി, പരമാർത്ഥികളെ വഞ്ചിക്കരുത്

പൊതുമുതലാരും പൊരുതാൻ വേണ്ടി നശിപ്പിക്കരുത്

പൊന്നും പണവും ഇന്നെല്ലെങ്കിൽ നാളെ നശിക്കും

വിണ്ണിന്നുടയോന്റാശിസുമാത്രം എന്നുമിരിക്കും

598 വാർദ്ധക്യത്തിനു ബലഹീനതകൾ അനവധിയുണ്ട്

വൃദ്ധത ദൈവം നല്കുന്നെങ്കിൽ ഭാഗ്യം!ഭാഗ്യം!

യൗവനപാപസഞ്ചയമോർത്ത് കരയാൻ നേരം

നാഥൻ നല്കീ; തുഷ്ടി, പുഷ്ടി സഫലത്തോടെ ജീവിച്ചീടാം

599. നൂറ്റി ഇരുപതു വയസ്സുവരെയും നിയുക്തൻ മോശ

അതിലും വൃദ്ധൻ, ശിശുവാം യേശുവേ വഹിച്ചോൻ ശീമോൻ

താവക രക്ഷ കണ്ടേൻ ഞാനെ-ന്നേറ്റുപറയാൻ

വൃദ്ധനു സാദ്ധ്യം!! ഇപ്പടുവൃദ്ധനും ആശിസ്സേകൂ

600. "വാർദ്ധക്യത്തിലെത്താനൊരു വഴി" ദൈവം തന്നു

' 'ജനനീ ജനകന്മാരെ" തോഷിപ്പിച്ച് മാനിച്ചിടുക

' 'കരതുക മക്കളെ" ആവശ്യം ആവശ്യം അതു പോൽ തന്നെ

ബലമില്ലാത്ത ജനനീ ജനകരെ-കരുതുക മകനേ!

601. "വാർദ്ധക്യത്തിൽ" മക്കളുമൊത്തൊരുദിവസം പാർത്താൽ

പറുദീസായിലെ വാസം പോലെ പ്രസാദം നല്കും

ദൂരെപോയ മക്കൾക്കതുപോൽ ചിന്തവരട്ടെ?

എന്നാൽ മാത്രമേ അവരുടെ മക്കളും അവരെയും ഓർക്കൂ

602. എൻ ജനകന് എൻ ജനനിക്ക് അന്ത്യസമയം

വെള്ളത്തിന്റെ ഒരു തുള്ളികൊടുക്കുന്നതാണേറ്റം ഭാഗ്യം

നിശ്ചലമായൊരമ്മയെ കാണാവല്ല വരേണ്ടത്

ഓമനമകനെ കണ്ടിട്ടമ്മ! ചിരിക്കട്ടല്പം!!

603. മൃതിവന്നാലും ലംഘിക്കില്ല ശാബത യൂദർ

പട വന്നാലും തൊടുകില്ലന്നവർ കുന്തും വാളും

ഒരുപുരയിങ്ങനെ കത്തിക്കാളീയ ചരിത്രവുമുണ്ട്

ക്രിസ്ത്യാനിക്കു "ഞായർ" Holy day അല്ല Holi-day അത്രെ.

604. വാനം മുട്ടും ഗോപുരസഹിതം പള്ളികളുണ്ട്

ആരാധിപ്പാൻ പതിനായിരത്തിന് ഇടമുണ്ടവിടെ

കായലിലുള്ള തുരുത്തുകൾപോലെ പത്തോ നൂറോ

ആളുകളവിടെ നില്ക്കും കാഴ്ച വേദനാജനകം

605. ആരാധനകൾ "കാണുക - കേൾക്കുക" മാത്രം പോരാ

ആരാധനയിൽ സംബന്ധിക്കേണം, പ്രാർത്ഥിക്കേണം

മനസ്സിലൊതുക്കാൻ വഹിയാതുള്ള "ഭാരക്കെട്ടുകൾ

അവിടെയിറക്കി ആശ്വാസത്തോടെ തിരികെ പോകൂ!

*തുടരും......*

കോശിയച്ചൻ

# നോമ്പിന്റെ 3-ാം ഞായർ (മ്ശറിയോ)

## ലൂക്കൊ. 5:17-26; യോഹ. 5:1-18; മർക്കൊ. 2:1-12

യേശു കഫർന്നഹോമിലെ ഭവനത്തിൽ തിരിച്ചെത്തിയെന്ന വാർത്ത പരന്നതിനാൽ ജനം തടിച്ചുകൂടി. അവൻ അവരോട് വചനം പ്രസംഗിച്ചുകൊണ്ടിരിക്കെ നാലുപേർ ഒരു തളർവാതരോഗിയെ കിടക്കയിൽ സൗഖ്യം ലഭിക്കുന്നതിനായി എടുത്തുകൊണ്ടുവന്നു. പക്ഷേ അകത്തു കടക്കാൻ പുരുഷാരം നിമിത്തം കഴിഞ്ഞില്ല. തന്മിത്തം അവർ മേൽക്കൂരയിളക്കി തളർവാതക്കാരനെ കിടക്കയിൽ താഴേക്കിറക്കി യേശുവിന്റെ മുന്നിലെത്തിച്ചു. യേശു ഇവരുടെ (നാലുപേരുടെ) വിശ്വാസം കണ്ടിട്ട് "മകനെ നിന്റെ പാപങ്ങൾ ക്ഷമിച്ചിരിക്കുന്നു. കിടക്കെയെടുത്ത് നടക്ക" എന്ന് പറഞ്ഞു. പൊതുജനം പിറുപിറുത്തു. ദൈവത്തിനല്ലാതെ ആർക്കും പാപം മോചിക്കാൻ കഴിയില്ല്. ഇവനു എവിടുന്ന് ഈ അധികാരം ലഭിച്ചു? യേശു അവരോട് കിടക്കയെടുത്തു നടക്ക എന്നു പറയുന്നതോ പാപം ക്ഷമിച്ചു എന്നു പറയുന്നതോ ഏതാ ണ് എളുപ്പം? എന്നു ചോദിച്ചു. യേശു താൻ ദൈവപുത്രനെന്നും പാപംമോചിക്കാൻ അധികാരമുണ്ടെന്നും വെളിപ്പെടുത്തിയത്രെ. യേശു വീണ്ടും രോഗിയോട് ഞാൻ നിന്നോടു കല്പിക്കുന്നു. നീ കിടക്കയെടുത്ത് വീട്ടിലേക്കുപോകുക. തൽക്ഷ ണം അവൻ എഴുന്നേറ്റു വീട്ടിലേക്കുപോയി. ഇതുകണ്ട് ജനം അത്ഭുതപ്പെട്ടു.

മ്ശറിയോ എന്നാൽ തളർവാതം പിടിച്ചവൻ എന്നാണ് അർത്ഥം. നോമ്പിന്റെ ആദ്യഞായറാഴ്ചകൾ കർത്താവിന്റെ അത്ഭുതപ്രവൃത്തികളെക്കുറിച്ച് ധ്യാനിക്കുകയും അവന്റെ ആത്മീകശക്തി മനസ്സിലാക്കുകയും മനുഷ്യന്റെ പ്രശ്നങ്ങൾക്ക് ദൈവം പരിഹാരകനെന്ന് വെളിപ്പെടുത്തുകയും ചെയ്യുന്നു. പാപം നിമിത്തമായ രോഗവും പൂർവ്വികർ നിമിത്തമായ രോഗവും ദൈവമഹത്വം വെളിപ്പെടുത്തുന്നതിനുള്ള രോഗവും ഉണ്ട്. ഇയ്യോബിന്റെയും അന്ധനായി ജനിച്ച തിമായിയുടെയും രോഗം പാപം നിമിത്തമല്ലായിരുന്നു. പൗലൊസ് ശ്ലീഹായ് ക്കു ജഡത്തിൽ ഒരു മുള്ളുണ്ടായിരുന്നു. ഇവരിൽ കർത്താവിന്റെ കൃപ അനുഭവിപ്പാനും മറ്റുള്ളവർക്കു വെളിപ്പെടുത്തിക്കൊടുക്കാനുമായിരുന്നു അത്.

കർത്താവ് ഇവിടെ രോഗിയെകൂട്ടി കൊണ്ടുവന്ന നാലുപേരുടെ വിശ്വാസത്തെ കണ്ടാണ് സൗ ഖ്യം നല്കിയത്. അവരോ മറ്റൊരാളെകൂടി ക്രിസ്തുവിങ്കലേക്ക് കൂട്ടിക്കൊണ്ടുവരുന്നു. നാം ക്രിസ്തുവിനെ അറിയാത്തവരെ കൂട്ടിക്കൊണ്ടു ചെല്ലാൻ ശ്രമിക്കാറുണ്ടോ? ബെത്സെയിദ കുളത്തിനരികിൽ 38 വർഷമായി കിടന്ന രോഗിയുടെയും പാപം മോചിച്ചുകൊണ്ടാണ് കർത്താവ് സൗഖ്യം നല്കിയത്. പലരുടെയും രോഗകാരണം പാപമാണ്. പാപത്തിനു മോചനം ലഭിക്കാതെ രോഗം ശമിക്കുകയില്ല. ഇവരുടയും രോഗത്തിനു കാരണം പാപമായിരുന്നു. അതുകൊണ്ടാണ് കർത്താവ് ആദ്യം പാപം മോചിപ്പിച്ചിട്ട് സൗഖ്യം നല്കിയത്.

നമ്മുടെയും രോഗത്തിനു കാരണം പാപമാണോയെന്നു വിചിന്തനം ചെയ്യണം. ആണെങ്കിൽ പാപമോചനാധികാരമുള്ള ആചാര്യന്റെ മുമ്പാകെ പാപങ്ങളെ ഏറ്റുപറഞ്ഞ് കുമ്പസാരിച്ച് പശ്ചാത്തപിച്ച് പാപം മോചിച്ചെടുക്കണം. ആത്മാവിന്റെ ക്ഷീണത മാറ്റി ശരീരത്തെയും ആത്മാവിനെയും ശക്തിപ്പെടുത്തണം. ദൈവത്തിനു അസാദ്ധ്യമായത് ഒന്നുമില്ല.

ഇവൾ അബ്രഹാമിന്റെ സന്തതിയാണ്. 18 കൊല്ലമായി സാത്താനാൽ ബന്ധിക്കപ്പെട്ടിരിക്കുന്ന ഇവളുടെ ബന്ധനം വിടുവിക്കുന്നത് ന്യായമല്ലേ. ശാബതു മനുഷ്യനുവേണ്ടിയാണ്. പ്രമാണങ്ങളും മനുഷ്യനുവേണ്ടിയാണ്. മനുഷ്യപുത്രനായ താൻ ശാബതിന്റേയും കർത്താവാണ്. ശാബതു ദിവസം കർത്താവിന്റെ ശിഷ്യർ വിശന്നിട്ട് കതിർ ഊരി ഭക്ഷിച്ചതും ബെത്സ്യെദാ കുളത്തിനരികിൽ 38 കൊല്ലമായി രോഗിയായിരുന്നവളെ സുഖപ്പെടുത്തിയതും കട്ടിലെടുത്തു നടക്ക എന്നു പറഞ്ഞതിനുമെല്ലാം യഹൂദ പ്രമാണികൾ കർത്താവിൽ കുറ്റം ചുമത്തികൊണ്ടിരിക്കുന്ന സമയമായിരുന്നു അത്.

നമ്മളും മനസ്സ്, ഹൃദയം കൂനു ബാധിച്ചവരാണോ? ആത്മീയമായി കൂനു ബാധിച്ച് നിവർന്ന് നിൽക്കുവാൻ നിവർത്തിയില്ലാത്തവരാണോ? നമുക്ക് കർത്താവിങ്കലേക്കു ചെല്ലാം. തങ്ങളുടെ പാപം ക്ഷമിച്ച് സൗഖ്യം തരാൻ അപേക്ഷിക്കാം. അവൻ ചെയ്യും. അവൻ തൊടും, ബന്ധനം അഴിയും, പാപം മോചിക്കും, കെട്ടുകൾ പൊട്ടും സൗഖ്യമാകും സ്വസ്ഥത ലഭിക്കും. കുമ്പസാരവും വി. കുർബ്ബാനാനുഭവം ഏറെ ഇതിനു സഹായിക്കും. നോമ്പുകാലം ശരീരത്തിനും ആത്മാവിനും സൗഖ്യവും ശക്തിയും ലഭിക്കാനുള്ള അവസരമാണ്. പ്രാർത്ഥനയിൽ ബലപ്പെടണം. ഉപവാസത്താൽ ശക്തി പ്രാപിക്കണം.

## നോമ്പിന്റെ 4-ാം ഞായർ (ക്നാനൊയ്ത്തൊ)

**മർക്കൊ. 7:24-37, ലൂക്കൊ. 7:1-10; മത്താ. 15:21-3**

കർത്താവ് ക്നാനായ കാരിത്തിയുടെ മകളെ പിശാചു ബാധയിൽനിന്ന് സുഖപ്പെടുത്തിയതുകൊണ്ടാണ് ക്നാനൊയ്ത്തൊ ഞായറാഴ്ച എന്നു പറയുന്നത്. കർത്താവ് അനേകരെ പിശാചു ബാധയിൽ നിന്ന് സൗഖ്യമാക്കിയിരുന്നു. ഇവർ യിസ്രായേൽ വംശജയല്ലാത്ത പുറജാതിക്കാരി സ്ത്രീയായതിനാൽ കർത്താവ് ആദ്യം ഇവളെ ഒഴിവാക്കാൻ ശ്രമിച്ചു. പക്ഷേ ഇവളോ ആവശ്യം സാധിക്കാതെ മടങ്ങിച്ചെന്ന് ഉറച്ചതീരുമാനത്തിലും കർത്താവിനു തന്റെ മകളെ സൗഖ്യമാക്കുവാൻ കഴിയുമെന്ന ഉറച്ച വിശ്വാസത്തിലുമായിരുന്നു. എന്നാൽ കർത്താവ് തന്റെ നിയോഗം തുറന്നടിക്കുന്നു. തന്നെ യിസ്രായേലിൽ നഷ്ടപ്പെട്ടുപോയ ആടുകളുടെ അടുക്കലേക്കു മാത്രമാണ് അയച്ചതെന്നും മക്കളുടെ അപ്പമെടുത്ത് നായ്ക്കുട്ടികൾക്ക് കൊടുക്കുന്നത് യോഗ്യമല്ലെന്നും ആദ്യം മക്കളുടെ ആവശ്യം നിറവേറ്റട്ടെയെന്നും പറയുന്നു. അവളോ പിന്മാറുന്നില്ല. ദൈവജനമായ യിസ്രായേലിന്റെ വിമോചനത്തിനും രക്ഷയ്ക്കും വേണ്ടിയാണ് മ്ശിഹാ അവതരിച്ചതെന്ന സത്യം അറിഞ്ഞുകൊണ്ടുതന്നെ. അതിനുശേഷം പാർശ്വവത്ക്കരിക്കപ്പെട്ട തന്നെക്കൂടി പരിഗണിക്കണമെന്ന ആഗ്രഹം അറിയിക്കുന്നു. നായ്ക്കൾ യജമാനൻമാരുടെ മേശയിൽ നിന്ന് വീഴുന്ന അപ്പക്കഷണങ്ങൾക്കൊണ്ടും ജീവിക്കുന്നുണ്ടല്ലോ എന്ന്. ആ സ്ത്രീയുടെ വിനയം വിശ്വാസം, സംസാരഭാഷ, താൻ വെറും താണവൾ, അയോഗ്യ എന്ന ബോധം, സൗ ഖ്യംലഭിച്ചേ അടങ്ങൂ എന്ന ദൃഡനിശ്ചയം കർത്താവിനെ നിർബന്ധിതനാക്കി. സ്ത്രീയേ നിന്റെ വിശ്വാസം വലുത് നിന്റെ ആഗ്ര ഹം പോലെ ഭവിക്കട്ടെ എന്നു പറയുകയും തത്സമയം തന്നെ മകൾ സൗഖ്യമാക്കുകയും ചെയ്യുന്നു. ഇവിടെയും മറ്റൊരാളുടെ മദ്ധ്യസ്ഥതയിലും യാചനയിലുമാണ് കർത്താവ് അത്ഭുതം പ്രവർത്തിക്കുന്നത്. മടത്തു പോകാത്ത വിശ്വാസവും മുട്ടിപ്പായ യാചനയും മൂലം പുറജാതിക്കാരിക്കുപോലും കരുണ ലഭിച്ചു എങ്കിൽ വി. ദൈവമാതാവിന്റെയും പരിശുദ്ധന്മാരുടെയും മദ്ധ്യസ്ഥത വി. മാമോദീസായാൽ മുദ്രയിടപ്പെട്ട് തന്റെ ജാതിയായി സ്വന്തജനമായി മാറിയ നമുക്ക് എത്രമാത്രം പ്രയോജനകരമാകും.

വി.കുർബ്ബാനയിൽ തൂയാബോ! സമയത്തും അവസാനം മറയിട്ടശേഷവും ത്രോണോസിൽ ചിത്തോലയിൽ കുരിശുവരച്ചാണ് അവരുടെ പേരുകൾ ഓർത്ത് പ്രാർത്ഥിക്കുന്നത്. നമ്മുടെ പേരുകൾ തബ്ലൈത്തക്കു സമീപവും. മക്കളുടെ അപ്പം മേശയിൽ നായ്ക്കൾക്കു ള്ള അപ്പം മേശക്കു കീഴെ.

അശുദ്ധിയും വിശ്വാസക്കുറവും ഭീരുത്വവും ആണ് മനുഷ്യരിൽ അശുദ്ധാത്മാക്കൾ പ്രവേശിക്കുവാൻ കാരണമാകുന്നത്. പ്രാർത്ഥനയാലും ഉപവാസത്താലും കുമ്പസാരത്തിലും കുർബ്ബാനാനുഭവത്താലുമേ അതു വിട്ടുമാറൂ. ഓരോ മനുഷ്യനും ഒരോ കാവൽമാലാഖയെ ദൈവം ആക്കിയിട്ടുണ്ട്. ദുഷ്ടനിൽനിന്നും പിശാചിന്റെ ഉപദ്രവങ്ങളിൽനിന്ന് അതു നമ്മെ സഹായിക്കുന്നു. മാലാഖ വിട്ടുപോകുവാൻ നാം സാഹചര്യമൊരുക്കരുത്.

## നോമ്പിന്റെ 5-ാം ഞായർ (ക്പിപ്തോ)

**ലൂ. 10:25-37,7:11-17,13:10-17**

ക്പിപ്തോ എന്നാൽ കൂനി എന്നർത്ഥം. കൂനിയെ സുഖപ്പെടുത്തിയ ദിവസമാണ്. സംഘാലയത്തിൽ കർത്താവ് ഉപദേശിച്ചു കൊണ്ടിരിക്കുമ്പോൾ പതിനെട്ടുവർ,മായി കൂനു ബാധിച്ച സ്ത്രീയെ കണ്ടിട്ട് കർത്താവ് അവളുടെമേൽ കൈവച്ച് സൗഖ്യമാക്കി. അവളുടെ കൂനുമാറി. അവൾ നിവർന്നുനിന്ന് ദൈവ ത്തെ സ്തുതിച്ചു. അവൾ ആവശ്യപ്പെടാതു തന്നെയാണ് അവളെ കർത്താവ് സൗഖ്യമാക്കിയത്.

പക്ഷേ ശാബതു ദിവസം കർത്താവ് ഇപ്രകാരം പ്രവർത്തിച്ചത് യഹൂദ പ്രമാണങ്ങൾക്ക് വിരുദ്ധമാകയാൽ യഹൂദ പ്രമാണികൾ കോപാകുലരായി ജനത്തെ ശാസിച്ചു. കർത്താവ് അതിനു മറുപടി പറഞ്ഞു. കപടഭക്തരെ നിങ്ങൾ നിങ്ങളുടെ കാളയോ കഴുതയെയോ വെള്ളം കുടിപ്പിക്കയില്ലയോ? കിണറ്റിൽ വീണാൽ രക്ഷപെടുത്തുകയില്ലയോ?

## കുറിയാക്കോസ് മാർ കുറീലോസ് മെത്രാപ്പോലീത്തായുടെ ഓർമ്മപ്പെരുന്നാൾ

അടൂർ: വടക്കടത്തുകാവ് മിഖായേൽ മാർ ദീവാന്നാസ്യോസ് ദയറായിൽ കബറടങ്ങിയിരിക്കുന്ന കൊല്ലം, നിരണം, തുമ്പമൺ ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്തായുടെ പൂതിയോട്ട് കുറിയാക്കോസ് മാർ കൂറിലോസ് തിരുമേനിയുടെ ഓർമ്മപ്പെരുന്നാൾ 23,24 തീയതികളിൽ വിപുലമായി കൊണ്ടാടുന്നു. യൂഹാനോൻ മാർ മിലിത്തിയോസ്, മാത്യൂസ് മാർ തേവോദ്യോസ്യോസ്, ഗീവറുഗീസ് മാർ കൂറീലോസ് എന്നീ മെത്രാപ്പോലീത്തന്മാർ പെരുന്നാളിനു നേതൃത്വം നല്കും.

# പാപവിമോചകന്റെ കരങ്ങളും ആണിപ്പഴുതുകളും :

## ഫാ. ഡാർലി എടപ്പങ്ങാട്ടിൽ

ലോകസ്ഥാപനത്തിനുമുമ്പെ (എഫെ. 1:4) മനുഷ്യൻ സ്വന്തം രക്ഷയെക്കുറിച്ച് ചിന്തിക്കുന്നതിനു മുമ്പെ, സ്നേഹവാനായ ദൈവം തന്റെ തിരുഹൃദയത്തിൽ മനുഷ്യന്റെ വീണ്ടെടുപ്പിനെക്കുറിച്ച് കരുതി. ദൈവത്തിന്റെ തോട്ടത്തിൽ നിന്നും, പാപം നിമിത്തം പുറത്തേക്കുള്ള വഴിയിലെത്തിയ ആദ്യ മനുഷ്യൻ സ്വന്തം നഗ്നത മറയ്ക്കുവാൻ സ്വയം തുന്നിയുണ്ടാക്കിയ അത്തിയിലകൊണ്ടുള്ള അരയാട വാടി എരിഞ്ഞപ്പോൾ നിസ്സഹായനായി. "അപ്പോൾ യഹോവയായ ദൈവം ആദാമിനും ഭാര്യയ്ക്കും തോൽ കൊണ്ടു ഉടുപ്പുണ്ടാക്കി അവരെ ഉടുപ്പിച്ചു" (ഉല്പ. 3:23) രക്തം ചൊരിഞ്ഞുകൊണ്ട് മനുഷ്യന്റെ ചരിത്രവും അവന്റെ വീണ്ടെടുപ്പിൻ ചരിത്രവും ആരംഭിക്കുന്നു. "രക്തം ചൊരിഞ്ഞിട്ടല്ലാതെ പാപമോചനമില്ല" (എബ്രാ. 9:22). എന്നു നിത്യസത്യം അന്നു പ്രഖ്യാപിക്കപ്പെട്ടു. അബ്രഹാം ദൈവ കല്പനയനുസരിച്ച് സ്വപുത്രനെ മോറിയാമലയിൽ ഹോമയാഗമർപ്പിക്കുവാൻ ഒരുമ്പെടുമ്പോൾ യിസഹാക്കിനു പകരം ആട്ടുകൊറ്റൻയാഗം അർപ്പിക്കപ്പെടുന്ന ചിത്രമാണ് പിന്നീടു നാം കാണുന്നത് (ഉല്പ. 22:!3) ആട്ടുകൊറ്റന്റെ രക്തം ചൊരിയപ്പെട്ടതിനാൽ യിസഹാക്ക് ജീവനിലേക്ക് മടങ്ങിവന്നു.

മിസ്രയീമിൽ യിസ്രായേലിന്റെ ആദ്യജാതന്മാരുടെ മരണത്തിൽ നിന്നുള്ള മോചനത്തിനു സകല യിസ്രായേല്യന്റെ ഭവനത്തിലും ഓരോ ആട്ടിൻകുട്ടിയുടെ രക്തം ചൊരിയപ്പെടണമായിരുന്നു. ആ രക്തം അവരുടെ വീടുകളുടെ കട്ടിളകളിലും കുറുമ്പടിമേലും പുരട്ടുകയും വേണം" (പുറ. 12:23) രക്തം ചൊരിഞ്ഞിട്ടല്ലാതെ വീണ്ടെടുപ്പില്ല. പില്ക്കാലത്ത് യിസ്രായേൽ ജനസമൂഹത്തിന്റെ പാപപരിഹാരത്തിനു മാർഗ്ഗമൊരുക്കി, സകല യിസ്രായേൽ ജനതയ്ക്കുംവേണ്ടി ആണ്ടിലൊരിക്കൽ ദൈവം മഹാപാപ പരിഹാര പെരുനാൾ ഏർപ്പെടുത്തി (ലേവ്യ. 16:9-10, 21-22).

എന്നാൽ യോഹന്നാൻ സ്നാപകൻ യേശുവിനെനോക്കി രണ്ടു വസ്തുതകൾ വിളിച്ചുപറഞ്ഞപ്പോൾ, പാപമോചനത്തിനായി ന്യായപ്രമാണമെന്ന പഴയനിയമത്തിൽ ദൈവം ഏർപ്പെടുത്തിയിരുന്ന രണ്ടുആട്ടുകൊറ്റന്മാരുടെ സ്ഥാനത്ത് പുതിയനിയമത്തിൽ ഈ രണ്ടു ആട്ടുകൊറ്റന്മാരെയും യേശുക്രിസ്തുവിൽ സമന്വയിപ്പിച്ചു.

"ഇതാ ദൈവത്തിന്റെ കുഞ്ഞാട്" യോഹ. 1:35. "ഇതാ ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്" (യോഹ. 1:29) പഴയനിയമത്തിലെ പാപപരിഹാരദിനത്തിലെ രണ്ടു പ്രക്രിയകളും ക്രിസ്തുവിൽ ഏകോപിതമായിത്തന്നെ നിറവേറ്റപ്പെട്ടു. ക്രിസ്തു തന്റെ ഐഹികജീവിതകാലം മുഴുവനും സകല മനുഷ്യവർഗ്ഗത്തിന്റെയും പാപപരിഹാരത്തിനു ഏക ബലിയായിത്തീരേണ്ടതിനാണ് വന്നത്. "മനുഷ്യപുത്രൻ അനേകർക്കുവേണ്ടി തന്റെ ജീവനെ മറുവിലയായി കൊടുപ്പാനത്രേ വന്നത്" (മത്താ. 20:28, 1 യോഹ. 2:2; റോമ. 5:8; ഗലാ. 3:10-13). "എന്നാൽ ക്രിസ്തു നമ്മുടെ അതിക്രമങ്ങൾനിമിത്തം മുറിവേറ്റു. നമ്മുടെ അതിക്രമങ്ങൾ നിമിത്തം തകർന്നും ഇരിക്കുന്നു. നമ്മുടെ സമാധാനത്തിനുള്ള ശിക്ഷ അവന്റെമേൽ ആയി" (യെശ. 53:4-5). "ഇനിമേൽ എന്റെ ആവശ്യങ്ങളുടെ ശിക്ഷ ഞാൻ വഹിക്കേണ്ടതുണ്ടോ? വാളേ, എന്റെ ഇടയന്റെ നേരെയും എന്റെ കൂട്ടാളിയായ പുരുഷന്റെ നേരെയും ഉണരുക..... ഇടയനെ വെട്ടുക" (സെഖ. 13:7-8) എന്നീ കല്പനകൾ നിവർത്തിക്കപ്പെട്ടപ്പോൾ നൂറ്റാണ്ടുകൾക്കുശേഷം കാൽവറി കുന്നിനു മുകളിൽ ദൈവപുത്രനായ യേശുവിന്റെ രോദനങ്ങൾ ക്കൊടുവിൽ വിജയമമണിമുഴങ്ങിക്കേട്ടു" നിവൃത്തിയായി" (യോഹ. 19:30) സഹസ്രാബ്ദങ്ങളായി ദൈവം മനുഷ്യനുവേണ്ടി ഒരുക്കിക്കൊണ്ടിരുന്ന പാപപരിഹാരപ്രക്രിയയുടെ പരിസമാപ്തി - നിവൃത്തി-കുരിശിൽ പ്രഖ്യാപിക്കപ്പെട്ടു.

പുനരുത്ഥാനം ചെയ്ത കർത്താവ് കെട്ടുവാനും അഴിക്കുവാനും ഉള്ള അധികാരം തന്റെ ശിഷ്യന്മാരിലൂടെ സഭയ്ക്ക് നല്കി (യോഹ. 20:21-23). മരണാസന്നയായ ഒരു ക്രിസ്തീയ വനിതയെ സന്ദർശിച്ച ഒരു പട്ടക്കാരൻ അവർക്കു പാപമോചനം നല്കുവാൻ ഒരുങ്ങി കരം നീട്ടി. ആ വനിത പട്ടക്കാരന്റെ കരം പിടിച്ചു കൈപ്പത്തിയിൽ സൂക്ഷിച്ചു നോക്കിയശേഷം ഉച്ചത്തിൽ വിളിച്ചു പറഞ്ഞു "പോകൂ....ഇതെന്റെ രക്ഷകന്റെ കരമല്ല, എന്റെ പാപം മോചിച്ചവന്റെ കൈപ്പത്തിയിൽ ആണിപ്പഴുതുകളുണ്ട്" അതേ, പാപമോചനം നല്കുവാൻ അധികാരം ഉള്ളവന്റെ കൈപ്പത്തിയിൽ ആണിപ്പഴുതുകളുണ്ട് എന്ന ബോധ്യം ജനസമൂഹത്തിനു നല്കുവാൻ പൗരോഹിത്യ സ്ഥാനികൾക്കും കഴിയണം. അപ്പോഴാണ് നമ്മുടെ കർത്താവിന്റെ ക്രൂശുമരണവും പുനരുത്ഥാനവും സ്വർഗ്ഗാരോഹണവും അർത്ഥവത്തായി തീരുന്നത്.

## മോർ ഒസ്താത്തിയോസ് സ്ലീബാ ബാവായുടെ സംക്ഷിപ്തചരിത്രം

മെസപ്പൊട്ടോമ്യായിലെ ആമീദ് പട്ടണത്തിനടുത്തുള്ള ബശ്ശേരിയായിലെ കഫർസോ എന്ന ഗ്രാമത്തിൽ ആബാക്കർ കുടുംബത്തിൽ സൽബിയുടെയും നബൂവിന്റെയും മകനായി 1854 ൽ ജനുവരി ഒന്നാം തീയതി ഭൂജാതനായി. 1881 ജനുവരി ഒന്നാംതീയതി ഗുരുവായിരുന്ന മോർ അത്താനാസിയോസ് ശെമുവേൽ മെത്രാപ്പോലീത്തായുടെ കൂടെ മലങ്കരയിലേക്ക് വന്നു. മോർ അത്താനാസിയോസ് തിരുമേനിയുടെ ദേഹവിയോഗത്തിനുശേഷം സുവിശേഷ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു. 1895 ൽ പരുമല തിരുമേനിയോടൊപ്പം ഊർശ്ലേം യാത്ര നിർവ്വഹിച്ചു. മ്ശീഹൈക്യസ്വഭാവം യാക്കോബായക്കാർ, മോർ യൂഹാനോൻ ശ്ലീഹാ (അറബിയിൽനിന്ന് സുറിയാനിയിലേക്ക് തർജ്ജമ) എന്നീ ഗ്രന്ഥങ്ങൾ രചിച്ചു. 1908 മാർച്ചിൽ 'ഒസ്താത്തിയോസ്' എന്ന സ്ഥാനപേരിൽ മെത്രാപ്പോലീത്തയായി വാഴിക്കപ്പെട്ടു. അന്ത്യോഖ്യാപ്രതിനിധിയായി മലങ്കരയിലേക്ക് എഴുന്നള്ളിയ പിതാവ് അന്ത്യോഖ്യാസിംഹാസനവുമായി മലങ്കര സഭയെ കൂട്ടി ഉറപ്പിക്കുന്നതിന് അഹോരാത്രം അദ്ധ്വാനിച്ചു. 1920 ഒക്ടോബർ 9–ന് അന്ത്യോഖ്യാ സിംഹാസനത്തിൻകീഴിൽ ഉറച്ച് നിലനില്ക്കുന്ന കുന്നംകുളം യാക്കോബായ സുറിയാനി മക്കൾക്ക് വേണ്ടി ഒരു ദേവാലയത്തിന് ശിലാസ്ഥാപനം നടത്തുകയും സിംഹാസനപ്പള്ളി എന്ന ഒരാശയം നടപ്പിൽ വരുത്തുകയും ചെയ്തു. മലേക്കുരിശ് ദയറാ, വടവുക്കോട് പള്ളി എന്നിവ സ്ഥാപിക്കുകയും പൊയ്ക്കാട്ടുശേരി പള്ളിയിൽ ദീർഘകാലം താമസിക്കുകയും ചെയ്തു.

ശീമയിൽ നിന്നുകൊണ്ടുവന്ന മോർ കൗമായുടെ തിരുശേഷിപ്പ് ഇട്ട് വാഴ്ത്തിയ വെള്ളം രോഗികൾക്ക് കൊടുക്കുകയും അത്ഭുതങ്ങൾ നടക്കുകയും ചെയ്തിരുന്നു. ഈ വെള്ളം അനേകം ആളുകൾക്ക് ഇന്നും ആശ്വാസമായിമാറുന്നു.

1930 മാർച്ച് 19–ാം തീയതി കാലം ചെയ്യുകയും ഇവിടെ കബറടക്കപ്പെടുകയും ചെയ്തു. ബാവായുടെ തിരുശേഷിപ്പുകൾ അനേകായിരങ്ങൾക്ക് ദൈവകൃപയ്ക്കുള്ള മദ്ധ്യസ്ഥതയായി തുടരുന്നു.

200 ഏപ്രിൽ 4–ാം തീയതി സുറിയാനി ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷൻ മോറാൻ മോർ ഇഗ്നാത്തിയോസ് സഖാ ഐവാസ് പ്രഥമൻ പാത്രിയർക്കീസ് ബാവാ തന്റെ B71/00 കല്പനപ്രകാരം മോർ ഒസ്താത്തിയോസ് സ്ലീബാ ബാവായെ വിശുദ്ധനായി പ്രഖ്യാപിക്കുകയും ചെയ്തു.

## പ്രാർത്ഥനാമന്ത്രവുമായി വിശ്വാസിപ്രവാഹം: മഞ്ഞനിക്കരയ്ക്കു ധന്യത

**പത്തനംതിട്ട:** മഞ്ഞനിക്കരയിലെ കെടാവിളക്കേ ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ എന്ന പ്രാർത്ഥനാമന്ത്രവുമായി പദയാത്രയായി എത്തിയ പതിനായിരങ്ങൾ പരിശുദ്ധ ഏലിയാസ് തൃതീയൻ പാത്രിയാർക്കീസ് ബാവായുടെ കബറിങ്കൽ പ്രാർത്ഥിച്ച് അനുഗ്രഹം തേടി. പരിശുദ്ധന്റെ നാമങ്ങൾ ഉരുവിട്ടു ദിവസങ്ങൾ നീണ്ട യാത്രയ്ക്കുശേഷം ഇന്നലെ രാവിലെ മുതൽ മഞ്ഞനിക്കരയിലേക്കു വിശ്വാസികളുടെ മഹാപ്രവാഹമായിരുന്നു. ഉച്ചയായപ്പോഴേക്കും മഞ്ഞനിക്കര തീർത്ഥാടകരെക്കൊണ്ട് നിറഞ്ഞു. പ്രധാന പദയാത്രകൾ എല്ലാം എത്തിയതു രണ്ടരയ്ക്കുശേഷമാണ്. എഴു പത്തഞ്ചു വർഷം മുൻപു പരിശുദ്ധബാവായെ ഓമല്ലൂരിൽ നിന്നുമഞ്ഞനിക്കരയിലേക്ക് ആനയിച്ചതിന്റെ സ്മരണ പുതുക്കി തീർത്ഥാടകസംഘങ്ങളെ ഓമല്ലൂർ കുരിശടിയിൽ സ്വീകരിച്ചു.

ബാഗ്ദാദ് ആർച്ച്ബിഷപ്പ് മാർ സേവേറിയോസ് ഹാവ, അർമേനിയൻ ആർച്ച്ബിഷപ്പ് മാർ അസബൗറിയൻ അവാക്കോ, ലണ്ടൻ ആർച്ച്ബിഷപ്പ് മാർ അത്താനാസിയോസ് തോമ, കുര്യാക്കോസ് മാർ യൂലിയോസ്, ആർച്ച്ബിഷപ് കുര്യാക്കോസ് മാർ സേവേറിയോസ്, പത്രോസ് മാർ ഒസ്താത്തിയോസ്, ഗീവർഗീസ് മാർ ദിവന്നാസിയോസ്, യൂഹാനോൻ മാർ മിലിത്തിയോസ്, മാത്യൂസ് മാർ തേവോദോസിയോസ്, സുനഹദോസ് സെക്രട്ടറി ജോസഫ് മാർ ഗ്രിഗോറിയോസ്, ഗീവർഗീസ് മാർ കൂറിലോസ്, തോമസ് മാർ തിമോത്തിയോസ്, യൂഹാനോൻ മാർ പീലക്സിനോസ് എന്നിവർ ചേർന്നാണ് തീർത്ഥാടകസംഘങ്ങളെ സ്വീകരിച്ചത്. വടക്കൻ മേഖലാ പദയാത്രികരോടൊപ്പം മെത്രാപ്പോലീത്തമാരും നീങ്ങി. പാത്രിയർക്കാ പതാകകളുടെയും മുത്തുക്കുടകളുടെയും വാദ്യമേളങ്ങളുടെയും അകമ്പടിയോടെയായിരുന്നു സ്വീകരണഘോഷയാത്ര. ദയറായിൽ എത്തിയശേഷം വിശുദ്ധന്റെ കബറിങ്കൽ തീർത്ഥാടകർ പ്രാർത്ഥനാനിരതരായി. ശ്രേഷ്ഠ കാതോലിക്കാ ബസേലിയോസ് തോമസ് പ്രഥമൻ ബാവായുടെ മുഖ്യകാർമ്മികത്വത്തിൽ സന്ധ്യാപ്രാർത്ഥന നടത്തി. പുലർച്ചെ ശ്രേഷ്ഠ കാതോലിക്കാ ബാവായുടെ കാർമ്മികത്വത്തിൽ പെരുന്നാൾ കുർബാന നടന്നു. 10.30 നും പ്രദക്ഷിണം, ആശീർവ്വാദം, നേർച്ചവിളമ്പ് എന്നിവയോടെ പെരുന്നാൾ സമാപിച്ചു.

## തുമ്പമൺ ദൈവാലയ കൂദാശ ഏപ്രിലിൽ

**പന്തളം:** തുമ്പമണ്ണിൽ പുതുതായി പണികഴിപ്പിക്കുന്ന വി. ഗീവറുഗീസ് സഹദായുടെ നാമത്തിലുള്ള ദൈവാലയത്തിന്റെ കൂദാശകർമ്മം ഏപ്രിൽ 29,30 തീയതികളിൽ നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തുവരുന്നു. അന്ത്യോഖ്യാ പ്രതിനിധി പുണ്യശ്ലോകനായ ഏലിയാസ് മോർ യൂലിയോസ് മെത്രാപ്പോലീത്തായാൽ സ്ഥാപിക്കപ്പെട്ട തുമ്പമണ്ണിലെ സെന്റ് ജോർജ്ജ് സിംഹാസനപള്ളി കാതോലിക്കാ വിഭാഗം കൈവശം വെച്ചിരിക്കുന്നതിനാലാണ് സത്യാരാധനയ്ക്കായി പുതിയ ദൈവാലയം പണികഴിപ്പിക്കേണ്ടിവന്നത്. 1932 ൽ പരിശുദ്ധനായ ഏലിയാസ് ബാവാ മലങ്കരയിൽ എഴുന്നെള്ളിയപ്പോൾ തുമ്പമൺ പള്ളി സന്ദർശിക്കാനാഗ്രഹിച്ചപ്പോൾ പള്ളി പൂട്ടിയതിനാലാണ് പള്ളി സ്ഥാപിച്ച് അന്ത്യോഖ്യാ വിശ്വാസികൾ ആരാധന നടത്തിപ്പോന്നത്. ഏതാണ്ട് 70 ലക്ഷം രൂപാ ചലവു ചെയ്താണ് പുതിയ ദൈവാലയം പണിതിട്ടുള്ളത്. 2005 ഒക്ടോ. 23നു ഇടവക മെത്രാപ്പോലീത്താ യൂഹാനോൻ മാർ മിലിത്തിയോസ് തിരുമേനിയാണ് ശിലാസ്ഥാപനം നിർവ്വഹിച്ചത്.

# വിശുദ്ധ ഗ്രന്ഥത്തിലൂടെ

തോമസ് മാത്യു, മെഴുവേലി

വീണ്ടും ഒരു വലിയ നോമ്പുകാലം. ശുദ്ധമുള്ള നോമ്പ് ജയത്തിന്റെ അടയാളവും ശത്രുവാകുന്ന ദുഷ്ടന്റെ നേരെ തോല്ക്കാത്ത ആയുധവും ആകുന്നു. നമ്മുടെ കർത്താവ് നോമ്പ് നോറ്റ് ശത്രുവായ സാത്താനെ കീഴ്പ്പെടുത്തി. നോമ്പ് ശരീരത്തെ വിനയപ്പെടുത്തി ആത്മാവിനെ ശോഭിപ്പിക്കുകയും മോഹങ്ങളെ മായിച്ച് നമ്മെ ദൈവത്തോടടുപ്പിക്കുകയും ചെയ്യുന്നു. നാം ശരീരവും, മനസ്സും ശുദ്ധിയാക്കി ജീവിതത്തിന് പ്രത്യേകം അടുക്കും ചിട്ടയും വരുത്തി ദൈവീക കരുതലിൽ ശക്തീകരിക്കപ്പെട്ട് വ്രതക്രമീകരണങ്ങളിലൂടെ മുന്നോട്ട് പോകണം. ഈ നോമ്പ് കാലത്ത് നമുക്ക് പാപത്തെപ്പറ്റി അനുതപിച്ച് ദൈവത്തിങ്കലേക്ക് തിരിയുന്നവരായിത്തീരാം. പാപം വിട്ടൊഴിയാനുള്ള മനസ്സോടുകൂടി പാപം ഏറ്റുപറയുമ്പോൾ പരിശുദ്ധാത്മാവ് നമ്മിൽ പ്രവർത്തിച്ച് ലംഘനങ്ങളെ ക്ഷമിച്ചും പാപങ്ങളെ മറച്ചും കുറ്റബോധത്തെ നീക്കിയും നീതീകരിക്കപ്പെട്ടവരാക്കുന്നു. ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് ദൈവത്തിനുവേണ്ടി പ്രവർത്തിപ്പാൻ ഇച്ഛിക്കുന്നവർക്കായി ദൈവം കാത്തിരിക്കുകയാണ്. ആത്മീയ വളർച്ചയെ ലക്ഷ്യമാക്കി മനുഷ്യൻ അനുഷ്ഠിക്കുന്ന ഒന്നാണ് ഉപവാസം. ദൈവീകസംരക്ഷണം, ആത്മസമാധാനം, ആത്മീയ രൂപാന്തരം തുടങ്ങിയ അനുഭവങ്ങൾ ഉപവാസത്തിലൂടെ നേടിയെടുക്കുന്നു.

പൈശാചിക ശക്തികളെയും, ആലോചനകളെയും, പ്രവർത്തികളെയും, പ്രലോഭനങ്ങളെയും വെറുത്ത് തോല്പിക്കുന്നതിന് ഏറ്റവും ശക്തിയേറിയ ആയുധമാണ് ഉപവാസം. പ്രാർത്ഥനയിലൂടെ ദൈവവുമായും, ദാനധർമ്മങ്ങളിലൂടെ മറ്റുള്ളവരുമായും, ഉപവാസത്തിലൂടെ തന്നോടു തന്നെയും നല്ല ബന്ധം പുലർത്തുവാനുള്ള ചുമതലയാണ് യേശുക്രിസ്തു നമ്മെ ഭരമേല്പിച്ചിരിക്കുന്നത്. ദൈവികാനുഗ്രഹത്തിനായി പശ്ചാത്താപത്തോടെ അവന്റെ സന്നിധിയിലേക്ക് അടുത്തുചെന്ന് മുടിയൻപുത്രനെപ്പോലെ അനുതപിച്ച് നമ്മുടെ പാപങ്ങളെ ഏറ്റുപറഞ്ഞ് ഉപേക്ഷിച്ച് കർത്താവിന്റെ ഉയിർപ്പു പെരുന്നാളിൽ പുതുക്കം പ്രാപിച്ച് ദൈവസ്നേഹത്തിൽ വസിക്കുന്നവരായി നമുക്ക് ആയിത്തീരാം. ദൈവം പാപിയെ സ്നേഹിക്കുന്നു. എന്നാൽ പാപത്തെ വെറുക്കുന്നു. ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് ദൈവത്തിനു വേണ്ടി പ്രവർത്തിപ്പാൻ ഇച്ഛിക്കുന്നവർക്കായി ദൈവം കാത്തിരിക്കുകയാണ്. അവരെ ദൈവം ദിനംതോറും അനുഗ്രഹിക്കും. നിസ്വാർത്ഥമായ സേവനശൈലിയും, നിർവ്യാജമായ സ്നേഹവും, സാഹോദര്യവും, ഒരു പ്രതിബദ്ധതയായി പ്രവൃത്തിപഥത്തിൽ വരുമ്പോഴാണ് ഉപവാസം യഥാർത്ഥ്യമാകുന്നത്. യോവേൽ പ്രവചനം 2:1, 2 വാക്യങ്ങളിൽ ഇപ്രകാരം പറയുന്നു. **''പൂർണ്ണഹൃദയത്തോടും, ഉപവാസത്തോടും, കരച്ചിലിനോടും, വിലാപത്തോടും കൂടെ എങ്കലേക്ക് തിരിയുവീൻ എന്ന് യഹോവയുടെ അരുളപ്പാട്".**

ഉപവാസത്തെപ്പറ്റി വിശുദ്ധ വേദപുസ്തകത്തിൽ കൊടുത്തിരിക്കുന്ന തെളിവുകൾ ഈ ലക്കത്തിൽ പ്രതിപാദിക്കുന്നു.

1. എസ്ഥേർ രാജ്ഞി തന്റെ വർഗ്ഗത്തിന്റെ രക്ഷയ്ക്കായി യഹോവയുടെ കരുണ ലഭിക്കുവാൻ സമൂഹമായി ഒരു ഉപവാസം ഏർപ്പെടുത്തി (എസ്ഥേർ 4:3).
2. എന്നാൽ ഇപ്പോഴെങ്കിലും നിങ്ങൾ പൂർണ്ണഹൃദയത്തോടും, ഉപവാസത്തോടും, കരച്ചിലിനോടും, വിലാപത്തോടും കൂടി എങ്കലേക്കു തിരിവീൻ (യോവേൽ 2:12).
3. അപ്പോൾ അവർ ഉപവസിച്ചും, രട്ടുടുത്തും, വെണ്ണീറിൽ ഇരുന്നുകൊണ്ടും പ്രാർത്ഥനയോടും, യാചനയോടുംകൂടെ അപേക്ഷിക്കേണ്ടതിനു ദൈവമായ കർത്താവിങ്കലേക്ക് മുഖം തിരിച്ചു (ദാനിയേൽ 9:3).
4. യേശു നാല്പതു രാവും നാല്പതു പകലും ഉപവസിച്ചശേഷം അവനു വിശന്നു (മത്തായി 4:2).
5. എങ്കിലും പ്രാർത്ഥനയാലും, ഉപവാസത്താലുമല്ലാതെ ഈ ജാതി നീങ്ങിപ്പോകയില്ല എന്ന് ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു (മത്തായി 17:21).
6. ആത്മാവ് അവനെ മരുഭൂമിയിലേക്ക് നടത്തി. പിശാച് അവനെ നാല്പതു ദിവസം പരീക്ഷിച്ചുകൊണ്ടിരുന്നു. ആ ദിവസങ്ങളിൽ അവൻ ഒന്നും ഭക്ഷിച്ചില്ല (ലൂക്കൊസ് 4:1-2).
7. പത്രൊസ് ഉപവസിച്ചിരിക്കുമ്പോഴാണ് ദർശനം ലഭിച്ചത് (അപ്പൊ.പ്രവൃത്തി 10:10-11).
8. ഉപവാസ സമയങ്ങളിൽ പരിശുദ്ധാത്മാവ് അവരോട് സംസാരിക്കുന്നതായും കാണുന്നു (അപ്പൊ.പ്രവൃത്തി 13:2-37).
9. അവർ സഭ തോറും അവർക്ക് മൂപ്പന്മാരെ നിയമിക്കുകയും ഉപവസിച്ചും പ്രാർത്ഥിച്ചുംകൊണ്ട് തങ്ങൾ വിശ്വസിച്ച കർത്താവിൽ അവരെ ഭരമേല്പ്പിക്കുകയും ചെയ്തു (അപ്പൊ. പ്രവൃത്തി 14:23).

# പരിശുദ്ധ യാക്കോബായ സുറിയാനി സഭയുടെ ആരാധനയും സത്യ വിശ്വാസാചാരങ്ങളും

പ്രൊഫ. (ഡോ.) സി.എ. നൈനാൻ, തിരുവനന്തപുരം M.Sc., Ph. D., Th.D., D.D., D.Litt.

*(തുടർച്ച)* മെത്രാൻകക്ഷി വിദഗ്ദ്ധമാർ അവരുടെ പുതിയ ആനീദാപുസ്തകത്തിൽ നമ്മുടെ പ. പിതാകക്കന്മാർ രണ്ടാം കല്യാണത്തിനു പാടുവാൻ നിശ്ചയിച്ചിരിക്കുന്ന ഈ പാട്ട് ഭവന കൂദാശക്രമത്തിലേക്ക് മാറ്റിയിരിക്കുകയാണ്. കാര്യം അറിയാതെ അല്ല. വിവരദോഷം കൊണ്ടാണ്. പണ്ടുപണ്ടൊരു മെത്രാൻകക്ഷി അച്ചൻ ഭവന കൂദാശയ്ക്കു ശവസംസ്കാരത്തിന്റെ ക്രമം ആരംഭിച്ചപ്പോൾ കപ്യാരച്ചൻ തടസ്സപ്പെടുത്തിയതായി കേട്ടിട്ടുണ്ട്. എന്നാലിപ്പോൾ അവരുടെ സഭ തന്നെ മേൽപ്പറഞ്ഞ വ്യത്യാസം അച്ചടിച്ചു വിട്ടിരിക്കു കയാണ്. രണ്ടാം വിവാഹത്തിന്റെ പാട്ടുപാടി ഭവനകൂദാശ നടത്തുവാൻ. അതിന്റെ ആദ്യവരികൾ കാണുക.

വാഴ്വേറ്റബറഹാം-താതൻ തൻ ഭവനം

മൂന്നു പുമാന്മാരാൽ-സാക്ഷാൽ മണവാളൻ മശിഹാ സഖായ് ഭവനത്തെ വാഴ്ത്തി-സ്വാരാധകരേറിയ വീട്ടിൽ ത്രിത്വം വാണീടണമെ നൽ-തലമുറയാലിതു വാഴ്ത്തപ്പെടണം.

പ്രായാധിക്യം മൂലം സന്താനോല്പാദനശേഷി ക്ഷയിച്ചിരുന്ന അബ്രാഹാമിനും സാറായ്ക്കും ദൈവമൊരു മകനെ കൊടുത്തതുപോലെ, ദൈവാരാധകരായ (സ്വാരാധകർ) ഈ വധൂവരന്മാർ രണ്ടാം വിവാഹം വഴി പ്രവേശിക്കുന്ന പുതിയ ഗൃഹ (ജീവിത) ത്തിൽ വിശുദ്ധ ത്രിത്വം വസിക്കുകയും അവർക്ക് നല്ല സന്താനങ്ങളെ കൊടുക്കുകയും ചെയ്യണമേ എന്നർത്ഥം). പള്ളിയിൽ വച്ച് രണ്ടാം വിവാഹ ശുശ്രൂഷയിൽ പാടേണ്ട ഈ പാട്ടിന്റെ എല്ലാ stanza കളും അവസാനിക്കുന്നത് "നൽതലമുറയാലിതു വാഴ്ത്തപ്പെടണം" എന്ന യാചനയിലാണ്. ഭവനം വിശുദ്ധീകരിക്കുമ്പോൾ നല്ല സന്താനങ്ങൾ ഉണ്ടാകുവാനുള്ള (രണ്ടാം വിവാഹത്തിന്റെ) അഭ്യർത്ഥനയോ? പ. അന്ത്യോഖ്യൻ സഭാപിതാക്കന്മാരെ വെല്ലുന്ന പുതിയ കണ്ടെത്തലുകൾ! മെത്രാൻ കക്ഷികളുടെ ഈ വക അഭ്യാസങ്ങൾ അടങ്ങിയ സുറിയാനി മുന്നോട്ടെഴുതിയ (തലതിരിഞ്ഞ) ക്രമപുസ്തകങ്ങൾ ഇന്നും ചിലയിടങ്ങളിൽ നാം ഉപയോഗിക്കുന്ന ഈ അവസ്ഥ മാറണം. മറ്റു പല അന്ത്യോഖ്യൻ സെദറാകളിലും തങ്ങൾക്കു മനസ്സിലാക്കാൻ വയ്യാത്ത വരികൾ വിടുകയും, പുതുദോഷം നിറഞ്ഞ ആശയങ്ങൾ ഇവർ ചേർക്കുകയും ചെയ്തിട്ടുണ്ട്. കോതമംഗലത്തു ബാവായുടെ ഓർമ്മ ദിവസത്തെ സെദറായിൽ "തോമ്മാസിംഹാസനം" തിരുകിച്ചേർത്തവർ പ. പാത്രീയർക്കീസിന്റെ പേരു മാറ്റിയാൽ അതിശയിക്കാനില്ല. നാം ജാഗ്രത പാലിച്ചേ മതിയാകൂ. മെത്രാൻ കക്ഷിയുടെ ഇത്തരം ക്രമപുസ്തകങ്ങൾ നമ്മുടെ സഭയിലെ നമസ്ക്കാര മേശകളിൽ എത്തരുതല്ലോ.

**"Each one Catch one"**

മലങ്കര റീത്തിലെ ഏറ്റവും ഒടുവിൽ വാഴിച്ച മെത്രാപ്പോലീത്തായുടെ ആഹ്വാനം കാണുക. "ഓരോ മലങ്കരക്കാരനും അവന്റേതായ ദൗത്യമുണ്ട്. അതായത്, പുനരൈക്യ പ്രവർത്തനങ്ങൾ ശക്തമാക്കുകയെന്നതാണ് ഓരോരുത്തരിലും നിക്ഷിപ്തമായിരിക്കുന്ന കടമ. അഞ്ചുപേരിൽ തുടങ്ങിയ പ്രസ്ഥാനം ഇന്ന് മേജർ ആർക്കി എപ്പിസ്കോപ്പൽ-കാതോലിക്കോസ് പദവി വരെയെത്തി. ഇതിനെ ഇനിയും വളർത്തണം. അത് ഓരോ മലങ്കരക്കാരന്റെയും കർത്തവ്യമാണ്. പുനരൈക്യം നമ്മുടെ മുഖമുദ്രയാക്കണം. സാക്ഷരതാ പ്രോഗ്രാമിനോടനുബന്ധിച്ചൊരു മുദ്രാവാക്യമുണ്ടായിരുന്നു. each one teach one ഒരാൾ മറ്റൊരാളെ പഠിപ്പിക്കുന്നു. നാമും ഇതുപോലൊന്ന് ശ്രമിച്ചു നോക്കണം. അതായിരിക്കണം നമ്മുടെ മുദ്രാവാക്യം Each one catch one അങ്ങനെയെങ്കിൽ അഞ്ചുലക്ഷ ത്തോളം വരുന്ന മലങ്കരക്കാർ ഓരോരുത്തരെ പുന രൈക്യത്തിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷിക്കുമ്പോൾ, വെറുതെ ആദർശങ്ങൾ പഞ്ഞിരിക്കാതെ ഇറങ്ങി (എവിടേയ്ക്ക്?) പ്രവർത്തിക്കുകയാണ് വേണ്ടത്. പുനരൈക്യം വേണോ വേണ്ടയോ എന്ന് എന്തിന് ചിന്തിക്കണം. പുനരൈക്യം ആവശ്യമില്ലായെങ്കിൽ മലങ്കര സഭയ്ക്ക് എന്താണ് പ്രസക്തി?


"ക്രൈസ്തവ കാഹളം" എന്നു റീത്തു മാസികയുടെ ഫെബ്രുവരി (2005-ാം) ലക്കത്തിലെ ഒരു ഭാരമാണ് മേൽക്കാണുന്നത്. "Catch" എന്നാൽ വലയിൽ കുടുക്കി പിടിക്കുക എന്നർത്ഥം. മലങ്കര സുറിയാനി സഭാമാതാവിനെ ഉപേക്ഷിച്ച് കാത്തോലിക്കാ സഭയിൽ ചേർന്ന ശേഷം സുറിയാനി സഭാ മക്കളെ സുറിയാനി സഭയുടെ ശുശ്രൂഷയും വിശ്വാസവും കലർപ്പു ചേർത്തു പഠിപ്പിക്കുവാനും, റീത്തു പ്രസ്ഥാനത്തിലേയ്ക്ക് ചേർക്കുവാനും ഇതുപോലെ പരസ്യമായി ആഹ്വാനം ചെയ്യുന്നവരാണ് എക്യുമെനിസത്തിന്റെയും ഐക്യ ക്രൈസ്തവ വേദിയുടേയും രക്ഷാധികാരികൾ വലതു വശത്ത് ഇത്തരം ആട് പിടിത്തക്കാരും, ഇടുവശത്തു വിവരം കെട്ട പെന്തക്കോസ്തുകാരും, നടുവിൽ ഇരുവശത്തും കാലുന്നുന്ന ഭാഗ്യന്വേഷികളായ കുറെ യൂദാസുകളും കൂടി പ. സുറിയാനി സഭാ മാതാവിനെ ഇന്ന് വീർപ്പുമുട്ടിക്കുകയല്ലേ?

*തുടരും...*

# റാലിക്കിടയിൽ ഉണ്ടായ സംഭവങ്ങളിൽ ബാവാ ഖേദം പ്രകടിപ്പിച്ചു

**കോട്ടയം:** തിരുവനന്തപുരത്ത് ഓർത്തഡോക്സ് സഭയുടെ പ്രതിഷേധ റാലിക്കിടെ ഉണ്ടായ അനിഷ്ടസംഭവങ്ങളിൽ ഖേദിക്കുന്നതായും മാധ്യമപ്രവർത്തകർക്കും നിയമപാലകർക്കും വസ്തുവകകൾക്കും ഉണ്ടായ നാശത്തിനു സാമ്പത്തികമടക്കമുള്ള നഷ്ടപരിഹാരം ചെയ്യുന്നതു സംബന്ധിച്ചു സഭ ആലോചിക്കുകയാണെന്നും പരിശുദ്ധ കാതോലിക്കാബാവാ പറഞ്ഞു.

യാക്കോബായ വിഭാഗം മെത്രാപ്പോലീത്തമാർക്കെതിരെ ഓർത്തഡോക്സ് സഭ കേസ് കൊടുക്കുമെന്ന വാർത്ത തീർത്തും അടിസ്ഥാനരഹിതമാണ്. അത്തരമൊരു ആലോചനപോലും സുന്നഹദോസിൽ ഒരു ഘട്ടത്തിലും വന്നിട്ടില്ല.




*തട്ടേക്കാട് ദുരന്തത്തിൽ മരിച്ചവർക്ക് യാക്കോബായ സഭയുടെ ശ്രേഷ്ഠ കാതോലിക്കാ ബസേലിയോസ് തോമസ് പ്രഥമൻ ബാവ ആദരാഞ്ജലി അർപ്പിക്കുന്നു.*




# ആർത്താറ്റ്പള്ളി പെരുനാൾ

**കുന്നംകുളം:** പരിശുദ്ധനായ മോർ ഒസ്താത്തിയോസ് സ്ലീബാ ബാവായുടെ 77-ാമത് ഓർമ്മപ്പെരുനാൾ സിംഹാസന പള്ളിയിൽ മാർച്ച് 21 മുതൽ 25 വരെ നടക്കും. പെരുന്നാളിന് സിംഹാസനപള്ളികളുടെ മെത്രാപ്പോലീത്താ അഭി. കുര്യാക്കോസ് മാർ യൂലിയോസ്, സഹായ മെത്രാപ്പോലീത്താ അഭി. ഗീവറുഗീസ് മാർ ദിവന്നാസ്യോസ് വികാരി. ഫാ. ഡോ. മാണിരാജൻ തുടങ്ങിയവർ നേതൃത്വം നല്കും. ഫാ. തമ്പിമാറാടി, കെ. മത്തായി, ഫാ. ജോർജ്ജ് മാന്തോട്ടം തുടങ്ങിയവർ വചന പ്രഘോഷണം നടത്തും. കമാണ്ടർ ടി.യു. കുരുവിള (പൊതുമരാമത്ത് മന്ത്രി) അവാർഡ് വിതരണം നിർവ്വഹിക്കും.

## മലങ്കരയുടെ യാക്കോബ് ബുർദ്ദാന



മഞ്ഞനിക്കര പെരുനാളിന്റെ പ്ലാറ്റിനം ജൂബിലി സമ്മേളനവും തീർത്ഥാടക വാർഷികവും ശ്രേഷ്ഠ കാതോലിക്ക തോമസ് പ്രഥമൻ ബാവാ ഉദ്ഘാടനം ചെയ്യുന്നു. സുന്നഹദോസ് സെക്രട്ടറി ജോസഫ് മാർ ഗ്രീഗോറിയോസ്, കുര്യാക്കോസ് മാർ യുലീയോസ്, മന്ത്രിമാരായ ടി.യു.കുരുവിള, മാത്യു ടി.തോമസ്, ലണ്ടൻ ആർച്ച് ബിഷപ്പ് മാർ അത്താനാസിയോസ് തോമ, ഏബ്രഹാം മാർ സേവേറിയോസ്, ബാഗ്ദാദ് ആർച്ച് ബിഷപ്പ് മാർ സേവേറിയോസേ ഹാവ, യൂഹാനോൻ മാർ പീലക്സിനോസ്, കൂറിലോസ് മാർ അപ്രേം കരീം, അർമേനിയൻ ആർച്ച് ബിഷപ്പ് മാർ അസബൗറിയൻ അവാക്കോ എന്നിവർ മുൻനിരയിൽ.

**Printed Matter**

**If undelieverd Please return to:**
**Chev. K.J. Abraham Kodiattu,**
**Managing Editor**
**Yakkoobyan-Monthly**
**Tiruvalla P.O., Pathanamthitta (Dst.), Kerala.**

**To**

**Sri / Smt**. ..................................................

.........................................................................

.........................................................................

Printed & Published by S.O.S.S. Printed at Puthethu Offset Printers, Kallissery. Tel: 0479-2426561
Mag. Editor Chev. K.J. Abraham Kodiattu. Tel: 0469-2601005, Chief Editor (Hon) Fr. Koshy P. George, Tel: 0468-2286465,
Editor (Hon) Alexander Karakkad, Tel: 0479-2424177 (R) 94461 88030 (M), Website: www.yakkoobyan.org